# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഡിസംബർ 28 | ദീപം 56 | നാളം 42 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org





# പുൽക്കൂട്ടിൽ വിരിഞ്ഞ സ്വർഗപ്രകാശം




മാർ ജേക്കബ് മുരിക്കൻ


മനുഷ്യനായി അവതരിച്ച ഈശോമിശിഹാ ഭൂമിയിൽ പുതിയൊരു സംസ്കാരത്തിനു നാന്ദികുറിച്ചു. സ്വർഗത്തിലെപ്പോലെ ഭൂമിയിലും എന്ന യാഥാർഥ്യമാണ് ക്രിസ്മസിലൂടെ മനുഷ്യരാശിക്കു കൈവന്നത്. ആദിമാതാപിതാക്കളുടെ പാപംനിമിത്തം മനുഷ്യകുലത്തിനുമേൽ പതിച്ച കളങ്കം നീക്കി സ്വർഗസംസ്കാരം ഭൂമിയിൽ ആവിഷ്കരിച്ചുകൊണ്ട് ദൈവപുത്രൻ തന്റെ രക്ഷണീയകൃത്യം പൂർത്തിയാക്കി. മനുഷ്യാവതാരത്തിൽ ഭൂമിയിലെ എല്ലാ വൈജ്ഞാനിക ശാഖകളും ഒന്നായി. പ്രപഞ്ചസംവിധാനങ്ങൾ പുൽക്കൂടിനെ വലംവയ്ക്കുന്നതാണു നാം കാണുന്നത്.

വിശുദ്ധ മത്തായിയുടെ സുവിശേഷം 2:9 വചനം നൽകുന്നത് ഈ സൂചനയാണ്: "കിഴക്കുകണ്ട നക്ഷത്രം അവർക്കുമുമ്പേ നീങ്ങിക്കൊണ്ടിരുന്നു. അതു ശിശു കിടന്ന സ്ഥലത്തിനുമുകളിൽ വന്നു നിന്നു." ബത്‌ലഹേമിലെ പുൽക്കൂട് പ്രപഞ്ചസംവിധാനങ്ങളുടെയെല്ലാം കേന്ദ്രബിന്ദുവായി പരിണമിച്ചു. ഈ പ്രപഞ്ചത്തെ മുഴുവൻ രൂപപ്പെടുത്തിയ ദൈവവചനമാണ് പുൽക്കൂട്ടിൽ കന്യാമറിയത്തിൽനിന്നു മാംസരൂപം ധരിച്ച് മനുഷ്യനായിരിക്കുന്നത്. ബത്‌ലഹേമിലെ കാലിത്തൊഴുത്ത് മനുഷ്യരക്ഷയുടെ പാത്രവും ഒപ്പം ദൈവം കല്പിച്ചുനല്കിയിരിക്കുന്ന പ്രകൃതിയിലെ സന്തുലിതാവസ്ഥയുടെ പ്രഘോഷണവുമായിരുന്നു. ഇതു സൃഷ്ടിയുടെ ആരംഭത്തിൽത്തന്നെ ദൈവം നിക്ഷേപിച്ച ഐക്യം, പാരസ്പര്യം, ക്രമം എന്നിവയുടെ പുനഃസ്ഥാപനമായിരുന്നു. ദൈവവും മനുഷ്യനും, മനുഷ്യർ തമ്മിൽത്തമ്മിലും, മനുഷ്യനും പ്രകൃതിയും എല്ലാം ദൈവനിശ്ചയത്തിന്റെ താളത്തിനൊത്തു ചരിക്കുമ്പോഴാണ് സുവിശേഷത്തിന്റെ മർമമായ ദൈവരാജ്യം ഭൂമിയിൽ സംജാതമാകുന്നത്. സ്വർഗത്തിലെ സംസ്കാരമാണ് ഭൂമിയിലേക്കു മനുഷ്യാവതാരവഴി ചൊരിയപ്പെട്ടത്. ഈ സംസ്കാരത്തിന്റെ ഉണർത്തുപാട്ടാണ് മാലാഖമാർ പാടിയത്: "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം." ദൈവത്തിന്റെ സമാധാനം ഭൂമിയുടെമേൽ സമൃദ്ധമാകുകയായിരുന്നു ഈശോമിശിഹായുടെ ജനനത്തിലൂടെ. ഈ സമാധാനം അതിന്റെ സമഗ്രതയിൽ അനുഭവിച്ചറിയുന്നതാണ് ദൈവരാജ്യം.


▶15

ക്രിസ്മസ് – പുതുവത്സരാശംസകൾ

## കെട്ടിടനിർമാണത്തിനാവശ്യമായ എല്ലാ സാനിട്ടറി, ഇലക്ട്രിക്കൽ & ഹാർഡ്‌വെയർ ഫിറ്റിങ്ങുകളുടെ വിപുലമായ ശേഖരം




KOHLER | star sanitaryware &bathware | hindware

തുടങ്ങിയ ലോകോത്തര ബ്രാൻഡുകളുടെ ബാത്ത്‌റൂം ഫിറ്റിങ്ങുകളും, ഉയർന്ന ഗുണമേന്മയും സുരക്ഷയും ഉറപ്പുനൽകുന്ന Finolex V-GUARD legrand HAVELLS POLYCAB തുടങ്ങിയ ഇലക്ട്രിക്കൽ ഉത്പന്നങ്ങളും മറ്റു പ്രമുഖ ബ്രാൻഡുകളും ഏറ്റവും കുറഞ്ഞ വിലയിൽ ഇവിടെ നിന്നു ലഭിക്കുന്നു.

# PALA ELECTRICALS & BUILDWARES

**THODUPUZHA ROAD, PALA 91884 68107**

---

ക്രിസ്മസ് – പുതുവത്സരാശംസകൾ

മംഗളമുഹൂർത്തങ്ങൾക്കു
തൃപ്തികരമായ വിഭവങ്ങളുമായി

# തൃപ്തി

## കേറ്ററിംഗ് സർവീസ്

**മേവട**

Mobile : 9495165034, 9744741102

**ഭക്ഷണപദാർത്ഥങ്ങൾ ഓർഡർ അനുസരിച്ച് കൃത്യസമയത്ത് മിതമായ നിരക്കിൽ എത്തിച്ചുകൊടുക്കുന്നു.**



---

ക്രിസ്മസ് – പുതുവത്സരാശംസകൾ

# Agrim@ അഗ്രിമ

അഗ്രിമ ഷോപ്പിങ് കോംപ്ലക്സ്
പാലാ – 686 575

9074 556 724 | agrimaecoshop@gmail.com
AgrimaKarshakaMarketPala | agrima_pala_

**കർഷക ഓപ്പൺ മാർക്കറ്റ്**
- നാടൻ പഴം / പച്ചക്കറികൾ

**ഇക്കോഷോപ്പ്**
- നാടൻ മൂല്യവർദ്ധിത ഉത്പന്നങ്ങൾ
- കഴുകി ഉണക്കിപ്പൊടിച്ച വിഷരഹിത ധാന്യ / മസാലപ്പൊടികൾ
- ചെറുധാന്യങ്ങൾ (മില്ലറ്റ്സ്)
- ചെറുധാന്യപ്പൊടികൾ
- മില്ലറ്റ് കുക്കീസ് /റസ്ക്
- മില്ലറ്റ് ന്യൂഡിൽസ് / സേമിയ
- പുകരഹിത കുടംപുളി
- ചെടിച്ചട്ടികൾ
- ലിക്വിഡ് സോപ്പ്/സോപ്പ് പൗഡർ കിറ്റുകൾ
- കോഴി/കാട/മുയൽ/മീൻ കുഞ്ഞുങ്ങൾ തീറ്റകൾ, തീറ്റപ്പാത്രങ്ങൾ ഹൈടെക് കൂടുകൾ


**കാർഷിക നഴ്സറി**
- ഫലവൃക്ഷത്തൈകൾ
- ഹൈബ്രിഡ് പച്ചക്കറിത്തൈകൾ
- വിത്തുകൾ
- ജൈവവളങ്ങൾ
- ജൈവകീടനാശിനികൾ
- അഗ്രിഫാം ഉപകരണങ്ങൾ

**അഗ്രിമ ടെക്**

CCTV ക്യാമറ
ഇന്ത്യൻ നിർമ്മിത ഇൻവെർട്ടർ
സൗണ്ട് സിസ്റ്റം എന്നിവ
ഉത്തരവാദിത്വത്തോടെ
സ്ഥാപിച്ചുകൊടുക്കുന്നു.
Contact No. 9947 002 876

പാലാ രൂപതാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സംരംഭം

# അദൃശ്യനായവൻ അരികെയുണ്ട്



ഫാ. ജോസഫ് നെച്ചിക്കാട്ട്

രക്തരഹിതശസ്ത്രക്രിയാരംഗത്ത് ഒട്ടേറെ ഗവേഷണങ്ങൾ നടത്തി വിജയം വരിച്ചു വിഖ്യാതനായിത്തീർന്ന വ്യക്തിയാണ് ഓസ്ട്രിയക്കാരൻ ഡോക്ടർ അഡോൾഫ് ലോറൻസ്.

ഒരിക്കൽ അദ്ദേഹം അമേരിക്കയിലേക്കു ക്ഷണിക്കപ്പെടുകയുണ്ടായി. വളരെ സങ്കീർണമായ ചില കേസുകൾ കൈകാര്യം ചെയ്യാൻ വേണ്ടിയായിരുന്നു അത്. പകലത്രയും ഓപ്പറേഷൻ നടത്തി മടുത്ത അദ്ദേഹം ഒരു ദിവസം വൈകുന്നേരം വെറുതെ നടക്കാനിറങ്ങി. വഴിക്കുവച്ചു പൊടുന്നനേ മഴ വന്നതുകൊണ്ട് അദ്ദേഹം ഒരു വീട്ടിലേക്ക് ഓടിക്കയറി. എങ്കിലും, എന്തുകൊണ്ടോ ഗൃഹനായിക ആ അപരിചിതനെ കൈക്കൊണ്ടില്ല. 'അവിടെ സ്ഥലമില്ലെന്നു' പറഞ്ഞ് അദ്ദേഹത്തെ അവൾ ഒഴിവാക്കി. പക്ഷേ, വാർത്ത പിറ്റേദിവസം പത്രങ്ങളിലൊക്കെ വന്നു. അപ്പോഴാണ് തനിക്കു പറ്റിയ അമളി ആ സ്ത്രീക്കു മനസ്സിലാകുന്നത്; ആ അപരിചിതൻ തന്റെ കുട്ടിയെക്കൂടി പരിശോധിക്കാൻ പ്രത്യേകം ക്ഷണിക്കപ്പെട്ട ഡോക്ടറായിരുന്നുവെന്ന്.

രക്ഷകനെ സ്വീകരിക്കാൻ കണ്ണിലെണ്ണയൊഴിച്ചു കാത്തുനിന്ന ജനസമൂഹത്തിനും പറ്റിയ പരാജയം ഏതാണ്ട് ഇതുപോലെയാണ്. ആദിപിതാവായ ആദത്തോടുണ്ടായിരുന്ന അവ്യക്തമായ ആ വാഗ്ദാനം എത്രയോ പ്രവാചകന്മാർ വ്യക്തമാക്കിക്കൊടുത്തു! യാക്കോബിന്റെ വംശത്തിലാണ് ആ നക്ഷത്രമുദിക്കുന്നതെന്നും യൂദായുടെ ഗോത്രത്തിൽനിന്നാണ് ആ ചെങ്കോലിന്റെ അവകാശി കടന്നുവരുകയെന്നും (ഉത്പ. 49-10), അവൻ ദാവീദിന്റെ വംശജനായിരിക്കുമെന്നും (സങ്കീ. 110-1), ദാവീദിന്റെ പട്ടണമായ ബത്‌ലഹേമിലായിരിക്കും അവന്റെ ജനനമെന്നും (മിക്കാ. 5-2) ഒക്കെ പ്രവചനങ്ങൾ അനവധിയുണ്ടായിരുന്നു. അവനുമുമ്പേ അത്യുന്നതപ്രവാചകനായ ഏലിയാ കടന്നുവന്ന് എല്ലാം ഒന്നുകൂടി അനുസ്മരിപ്പിക്കുമെന്നും (മലാക്കി 4-5) അരുളപ്പാടുണ്ടായിരുന്നു. പക്ഷേ, ഏലിയാ വന്നതുപോലും അവരറിഞ്ഞില്ല (മത്തായി 17-12).

ആർച്ചുബിഷപ് ഫുൾട്ടൻ ജെ. ഷീനിന്റെ പ്രൗഢഗംഭീരമായൊരു പ്രബന്ധമാണ് The Divine Romance. അതിലദ്ദേഹം പറയുകയാണ്: "വളരെയെളുപ്പത്തിൽ രണ്ടുകൂട്ടർക്ക് ക്രിസ്തുവിനെ കണ്ടെത്താൻ കഴിഞ്ഞു - ആട്ടിടയന്മാർക്കും ജ്ഞാനികൾക്കും. ആട്ടിടയർക്ക്, തങ്ങൾക്കൊന്നും അറിഞ്ഞുകൂടെന്ന് അറിയാമായിരുന്നു. ജ്ഞാനികൾക്കാകട്ടെ തങ്ങൾക്കെല്ലാമറിഞ്ഞുകൂടെന്ന തിരിച്ചറിവും."

ആട്ടിടയർ ഗ്രാമീണശാലീനതയുടെ പ്രതീകങ്ങളായിരുന്നു. ജ്ഞാനികൾ സത്യാന്വേഷികളും. ശൈശവസഹജമായ നിഷ്കളങ്കതയോടെ നീങ്ങിയ ആട്ടിടയർക്ക് ആ 'ജ്യോതിസ്സി'ന്റെ ദർശനം സാധിച്ചു. തുറവുള്ള മനോഭാവം ജ്ഞാനികളെയും സത്യത്തിന്റെ തുറമുഖത്തെത്തിച്ചു. തങ്ങളുടെ രാജത്വം അവരെ ഇത്തിരി വഴിതെറ്റിച്ചു. വേറൊരു മഹാരാജാവിന്റെ മണിമാളികയിലെത്തിച്ചെങ്കിലും കിട്ടിയ വെളിച്ചം നഷ്ടപ്പെടുത്താതിരുന്നതുകൊണ്ടു വെളിച്ചത്തിന്റെ ഉറവിടത്തിലേക്ക്, ജീവന്റെ പ്രകാശത്തിലേക്ക് അവർക്കു കടന്നുചെല്ലാൻ കഴിഞ്ഞു.

അതേസമയം, വേദപുസ്തകം മനഃപാഠമാക്കിയിരുന്ന നിയമജ്ഞർക്കും ഫരിസേയർക്കും



യേശുവിനെ പിടികിട്ടിയില്ല. 'അവിടുന്നു സ്വന്തം ജനങ്ങളുടെ പക്കലേക്കു വന്നു; എന്നാൽ, സ്വകീയർ അവിടത്തെ സ്വീകരിച്ചില്ല' (യോഹ. 1-11) എന്നു പറയുമ്പോൾ ചരിത്രത്തിലെ ഏറ്റവും ദുഃഖകരമായ സത്യത്തിലേക്കാണ് യോഹന്നാൻ വിരൽചൂണ്ടുന്നത്.

ബത്‌ലഹേമിലെ ഇടവഴികളിലൂടെ, നിശയുടെ നിശ്ശബ്ദതയിൽ കീറമാറാപ്പുമായി അലഞ്ഞുതിരിയുന്ന ദരിദ്രദമ്പതികളുടെ ദയനീയചിത്രം ആരുടെയും കരളലിയിക്കും. എത്തും പിടിയുമില്ലാത്ത വഴികൾ, മുഖപരിചയംപോലുമില്ലാത്ത മനുഷ്യർ. എങ്ങും അന്ധകാരം! കഥയറിയാതെ കണ്ണുചിമ്മി കുമ്പിട്ടു നോക്കിനില്ക്കുന്ന നക്ഷത്രക്കുരുന്നുകൾ!

അവിടവിടെ അടഞ്ഞുകിടക്കുന്ന കൊച്ചുകൊച്ചു കൂരകൾ, കുടിലുകൾ, ഒറ്റപ്പെട്ട സത്രപ്പുരകൾ... ഒരിടത്തും സ്ഥലമില്ല, ഒന്നിരിക്കാൻപോലും. വിശപ്പു കാർന്നുതിന്നുന്ന വയർ! നടന്നുനടന്നു കുഴഞ്ഞ കാലുകൾ! തൂങ്ങിത്തൂങ്ങി നില്ക്കുന്ന അത്യാസന്നയായ പൂർണഗർഭിണി. എന്താണു ചെയ്യുക? എങ്ങോട്ടാണു നീങ്ങുക? ആരോടാണു പറയുക? അവിടെങ്ങും 'അവർക്കു സ്ഥലം ലഭിച്ചില്ല.'

ബത്‌ലഹേംകാർ ഒരു തെറ്റും ചെയ്തില്ല. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് ഒത്തിരിയേറെ ആളുകൾ പേരെഴുതിക്കാൻ അവിടെ എത്തിയിട്ടുണ്ടായിരുന്നു. ആദ്യമാദ്യം വന്നവരും 'ബുക്കുചെയ്ത'വരും സത്രങ്ങളിൽ കയറിക്കൂടി. സ്വന്തമായി ബന്ധുമിത്രാദികളുണ്ടായിരുന്നവർക്കും പണവും പ്രതാപവുമുണ്ടായിരുന്നവർക്കും കൂടാരങ്ങൾ ലഭിച്ചു. യൗസേപ്പിനും മറിയത്തിനും ഒന്നും കിട്ടിയില്ല. ഒരു ദരിദ്രസ്ത്രീയെ, അതും പ്രസവലക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന പൂർണഗർഭിണിയെ അകത്തുപ്രവേശിപ്പിച്ചാലുണ്ടാകുന്ന ദുരിതം ഏതൊരു കുടുംബത്തിനുമറിയാം. അതിന് ആരെയും കുറ്റംപറഞ്ഞിട്ടു കാര്യമില്ല. അതിനുള്ള സൗകര്യങ്ങളോ സ്ഥലസംവിധാനങ്ങളോ അവർക്കുണ്ടായില്ല. നിർവാഹമില്ലെങ്കിൽ നീതിമാൻ എന്തുചെയ്യും?

മഴ നനഞ്ഞെത്തിയ ഡോക്ടറോട് 'ഇവിടെ സ്ഥലമില്ല' എന്നു പറഞ്ഞ സ്ത്രീ എന്തെങ്കിലും തെറ്റു ചെയ്തോ? യാതൊരു മുഖപരിചയവുമില്ലാത്ത ഒരാൾ ഓടിക്കയറി വന്നപ്പോൾ സ്വതഃസിദ്ധമായ സ്വഭാവഗുണം അവളും കാണിച്ചു: 'ഇവിടെ സ്ഥലമില്ല.' 'മഴ വരാമെന്നതു നേരത്തേ ഓർക്കേണ്ടതല്ലേ? എന്തുകൊണ്ട് ഒരു കുട കരുതിയില്ല' എന്നൊക്കെ അവളും ഓർത്തുകാണും. പ്രത്യേക പരിഗണനയൊന്നും കാണിക്കേണ്ട കാര്യമുണ്ടെന്ന് അവൾക്കു തോന്നിയില്ല. തന്റെ പടിവാതിൽക്കൽ വന്നുമുട്ടുന്നത് സാക്ഷാൽ ഡോക്ടർ അഡോൾഫ് ലോറൻസുതന്നെയാണെന്ന് അവൾക്കു മനസ്സിലായില്ലെന്നതാണു പ്രശ്നം. അവളും നിലകൊള്ളുന്നത് ബത്‌ലഹേംകാരുടെ അടുത്താണ്.

ഒരു ഭക്തസ്ത്രീ ഒരിക്കൽ പറയുകയുണ്ടായി: "അയ്യാ, അന്നു ഞാൻ ബത്‌ലഹേമിൽ ഉണ്ടായിരിക്കേണ്ടിയിരുന്നു. എന്റെ വീടു മുഴുവനും ഞാൻ യൗസേപ്പിനും രക്ഷകന്റെ അമ്മയ്ക്കുമായി ഒഴിഞ്ഞുകൊടുത്ത് ഒരു കോലായുടെ മൂലയ്ക്കു കഴിഞ്ഞുകൂടുമായിരുന്നു."

ശരിയാണ്. ബത്‌ലഹേംകാരും അങ്ങനെതന്നെ ചെയ്യുമായിരുന്നു. ആ അതിഥികളെപ്പറ്റി എന്തെങ്കിലും പ്രതീക്ഷ ഉണ്ടായിരുന്നെങ്കിൽ! വി.ഐ.പി. മാർക്കുപോലും സ്ഥലം തികയാതിരുന്ന സാഹചര്യത്തിൽ കടന്നുവന്ന സാദാദമ്പതികൾക്ക് ആരും സൗകര്യം ചെയ്തുകൊടുത്തില്ലെങ്കിൽ അദ്ഭുതം കൂറിയിട്ടു കാര്യമില്ല.

ബത്‌ലഹേംകാർക്കു കിട്ടാതെപോയത്, ഹേറോദേസിന്റെ മട്ടുപ്പാവിലെ പണ്ഡിതന്മാർക്കു കൈവരാതെപോയത് ആട്ടിടയന്മാർക്കും ജ്ഞാനികൾക്കും കൈവന്നു. വിനീതമായ ഭാവവും തുറന്ന മനോഭാവവുമായിരുന്നു അവരുടെ കൈമുതൽ. അതുപോലെ, അഗതികളിലും ആവശ്യക്കാരിലും അദൃശ്യനായ യേശുവിനെ കാണാൻ നമുക്കും കഴിയണം. എങ്കിലേ, നമ്മുടെ ക്രിസ്മസ് അർഥപൂർണത കൈവരിക്കുകയുള്ളൂ.

■

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPERGRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA



# സന്മനസ്സിന്റെ സരളവൃക്ഷങ്ങൾ



ജോസ് ക്ലെമന്റ്

കുളിർമഞ്ഞും നിറനിലാവും പകരുന്ന അനുഭൂതിയും, പുൽക്കൂടും നക്ഷത്രവും നല്കുന്ന കാഴ്ചവിരുന്നും, ആശംസകളും സമ്മാനങ്ങളും കൈമാറുന്ന സമൃദ്ധിയും ക്രിസ്മസിന്റെ വർണചാരുതയാണ്. ഈ വർണമനോഹരസങ്കല്പത്തോടൊപ്പം അലങ്കരിച്ച ഒരു ക്രിസ്മസ്ട്രീകൂടി ചേർത്തുവയ്ക്കുമ്പോൾ അത് അനുഭൂതി പകരുന്ന ഒരു ക്രിസ്മസായി മാറും.

മരം ഒരു വരമെന്നു പറയുന്നതുപോലെ ക്രിസ്മസ് മരം ഒരു മനുഷ്യനാണെങ്കിൽ നാമൊന്ന് ആശ്ലേഷിക്കുമായിരുന്നില്ലേ? അത്രയേറെ കമനീയമായി അണിയിച്ചൊരുക്കുന്ന ക്രിസ്മസ്ട്രീകൾ നമുക്കൊരു വികാരമായിത്തീർന്നിരിക്കുകയാണ്. സങ്കല്പങ്ങളുടെയും യാഥാർഥ്യങ്ങളുടെയും വേലിക്കെട്ടുകൾ പൊളിച്ച് ക്രിസ്മസ്ട്രീകളുടെ ഉദ്ഭവത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ കേട്ടുകേൾവികളും കൺകണ്ട കാഴ്ചകളും ഏറെയാണ്. എല്ലാം ഉൾക്കൊണ്ടു മനനം ചെയ്യുമ്പോൾ സരളമാണിതൊക്കെയെന്നു ബോധ്യപ്പെടും. അതിനാൽ, പാരമ്പര്യങ്ങളുടെ കെട്ടഴിക്കുമ്പോൾ നമുക്കു കാണാം, ക്രിസ്മസ്ട്രീകളുടെ പ്രാഗ്രൂപം സരളവൃക്ഷമാണെന്ന്.

നൂറ്റാണ്ടുകളുടെ പിന്നിലേക്ക് ഊളിയിട്ടിറങ്ങുമ്പോൾ ശൈത്യകാല ആഘോഷങ്ങൾക്കായി ക്രൈസ്തവരും വിജാതീയരും നിത്യഹരിത സരളവൃക്ഷങ്ങൾ പരമ്പരാഗതമായി ഉപയോഗിച്ചിരുന്നതായിക്കാണാം. വസന്തകാലവരവിനെക്കുറിച്ചുള്ള ഓർമകൾക്കുവേണ്ടിയാണ് വിജാതീയർ വീടിന്റെ അലങ്കാരത്തിനായി സരളവൃക്ഷശാഖകൾ ഉപയോഗിച്ചിരുന്നത്. ദൈവം നമ്മോടുകൂടെയെന്ന ഇമ്മാനുവൽ അനുഭവം പകർന്നുതരുന്ന ക്രിസ്മസിനു ദൈവത്തോടൊപ്പമുള്ള നിത്യജീവിതത്തിന്റെ അടയാളമായാണ് ക്രിസ്ത്യാനികൾ സരളവൃക്ഷങ്ങൾ ഉപയോഗിച്ചിരുന്നതെന്നു കാണാനാകും. ഇത് എന്നുമുതൽ ഉപയോഗിച്ചുതുടങ്ങിയെന്നത് അവ്യക്തം. നോർത്ത് യൂറോപ്പിലായിരിക്കാം ക്രിസ്മസ്ട്രീയായി സരളവൃക്ഷങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയത്.

പ്രചുരപ്രചാരം നേടിയിട്ടുള്ള ഒരു ഐതിഹ്യം ജർമനിയുമായി ബന്ധപ്പെട്ടാണ്. മാർട്ടിൻ ലൂഥർ കിങ് ക്രിസ്മസ്തലേന്ന് വനത്തിലൂടെ സഞ്ചരിക്കുമ്പോൾ പൈൻമരങ്ങൾക്കിടയിൽ നക്ഷത്രങ്ങൾ തിളങ്ങിനില്ക്കുന്ന കാഴ്ച അദ്ദേഹത്തെ അദ്ഭുതപ്പെടുത്തി. അതിൽ സന്തോഷിച്ച ലൂഥർ ഒരു ചെറിയ മരം വെട്ടിയെടുത്തു വീട്ടിൽ കൊണ്ടുപോകുകയും ക്രിസ്മസ്രാത്രിയിൽ അതിൽ മെഴുകുതിരികൾ കത്തിച്ചുവയ്ക്കുകയും ചെയ്തു. ആ കാഴ്ച കുടുംബാംഗങ്ങളുമൊത്ത് ആഹ്ലാദപൂർവം ആസ്വദിച്ചു ക്രിസ്മസ് ആഘോഷിച്ചു. അതിന്റെ രൂപപരിണാമമാണ് ഇന്ന് സ്വകാര്യവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ക്രിസ്മസ്ട്രീകൾ. പച്ചിലപ്പടർപ്പുകൾ നിറഞ്ഞ ട്രീ നിറയെ അലങ്കാരദീപങ്ങളും പലവർണക്കടലാസുകളും സമ്മാനപ്പൊതികളുമൊക്കെ തൂക്കി ചേതോഹരമാക്കുന്നു. ഇന്ന് കമ്പോളവത്കരിക്കപ്പെട്ട ക്രിസ്മസ്ട്രീകൾക്ക് പലയിടത്തും മൽസരങ്ങൾവരെയായിക്കഴിഞ്ഞു.

വിശുദ്ധ ബോനിഫസുമായി ബന്ധപ്പെട്ടു പ്രചരിക്കപ്പെട്ടിട്ടുള്ള മറ്റൊരു ട്രീ കഥ നമ്മെ അദ്ഭുതപരതന്ത്രരാക്കും. ജർമനിയിലെ വിജാതീയരോടു വചനം പ്രസംഗിക്കാൻ പോയ വി. ബോനിഫസ് അവിടെ വിജാതീയർ ഒരു ഓക്കുമരത്തെ ആരാധിക്കാനായി ഒരു ബാലനെ ബലിയർപ്പിക്കാൻ ഒരുങ്ങുന്നതു കണ്ടു. ഈ കാഴ്ച വിശുദ്ധനെ ദേഷ്യപ്പെടുത്തുകയും ബാലനെ രക്ഷിക്കാൻ മരം വെട്ടാൻ ആവശ്യപ്പെടുകയും ചെയ്തു. ആ സമയം എല്ലാവരെയും അദ്ഭുതപ്പെടുത്തിക്കൊണ്ട് ഓക്കുമരത്തിന്റെ വേരിൽനിന്ന് ഒരു സരളമരം മുളപൊട്ടിവന്നു. ഇത് ക്രൈസ്തവവിശ്വാസത്തിന്റെ അടയാളമായിക്കരുതി ആ മരത്തിൽ അദ്ദേഹത്തിന്റെ അനുയായികൾ മെഴുകുതിരികൾ കത്തിച്ചുവച്ച് അലങ്കരിച്ചു.

1841ൽ ജർമൻ രാജ്ഞിയുടെ ഭർത്താവ് ആൽബർട്ട് രാജകുമാരൻ വിൻഡ്സർ കോട്ടയിൽ ഒരുക്കിയ ക്രിസ്മസ് ട്രീയാണു വിഖ്യാതമായത്. അന്ന് ലണ്ടൻ വാർത്താമാധ്യമങ്ങൾ വിൻഡ്സർ കോട്ടയിലെ ക്രിസ്മസ്ട്രീ എന്ന ചിത്രം പ്രസിദ്ധീകരിക്കുകയും ചെയ്തു. വിക്ടോറിയൻ കാലഘട്ടത്തിൽ ക്രിസ്മസ്ട്രീ നക്ഷത്രങ്ങളെ പ്രതിനിധീകരിക്കാൻ മെഴുകുതിരികൾ വച്ചാണ് അലങ്കരിച്ചിരുന്നത്. യൂറോപ്പിൽ പലയിടത്തും മെഴുകുതിരികൾ ഉപയോഗിച്ചാണ് ക്രിസ്മസ്ട്രീകൾ അലങ്കരിക്കുന്നത്. കഥയും കേട്ടുകേൾവിയും പാരമ്പര്യങ്ങളും ഐതിഹ്യങ്ങളുമൊക്കെ ഇങ്ങനെ വിവിധ രൂപത്തിലും ഭാവത്തിലും പ്രചരിക്കുമ്പോഴും നാമും നമ്മുടെ ഭവനങ്ങളുടെ മുന്നിൽ വലിയ ക്രിസ്മസ്ട്രീകൾ ഉയർത്താറുണ്ട്. എന്നാൽ, അതിൽ കണ്ണുചിമ്മി നില്ക്കുന്ന വർണവെളിച്ചത്തിന്റെ പ്രഭയോ തൂക്കിയിട്ടിരിക്കുന്ന കിന്നരിക്കടലാസുകളുടെ മാറ്റോ നമ്മിലുണ്ടോയെന്നതാണു പ്രസക്തം. വർഷാവർഷം ക്രിസ്മസ്ട്രീകൾ ഉയർത്തുന്നതിനപ്പുറം ആന്തരികമായ ഒരു പച്ചപ്പ് നമ്മിൽ നിഴലിക്കുന്നുണ്ടോ?


വിളക്കുകളും കുഞ്ഞുനക്ഷത്രങ്ങളും വിവിധ വർണക്കടലാസുകളും സമ്മാനപ്പൊതികളും നിറഞ്ഞുകിടക്കുന്ന ക്രിസ്മസ്ട്രീ ജീവന്റെ വൃക്ഷത്തിന്റെ ഒരു പ്രതീകമാണ്. പാതിരാക്കുർബാന കഴിഞ്ഞ് പുൽക്കൂട്ടിൽ ശയിക്കുന്ന ഉണ്ണിയെയും ചുംബിച്ചു പുറത്തിറങ്ങി, പള്ളിമുറ്റത്തുയർത്തിയിരിക്കുന്ന വലിയ മരത്തിന്റെ പച്ചിലച്ചാർത്തുകൾക്കിടയിൽ തൂക്കിയിട്ടിരിക്കുന്ന സമ്മാനപ്പൊതികൾ നീണ്ട തോട്ടിയുപയോഗിച്ചു വലിച്ചെടുക്കാൻ എന്തൊരു സന്തോഷമായിരുന്നു. ഇതെല്ലാം ബാല്യത്തിന്റെ ഓർമകളായി അവശേഷിക്കുമ്പോൾ, ആഢ്യത്വത്തിന്റെയും പണക്കൊഴുപ്പിന്റെയും പ്രതീകമായി ക്രിസ്മസ്ട്രീകൾ ഇന്നു മാറിക്കഴിഞ്ഞു. ക്രിസ്മസ് ട്രീ ഒരു സങ്കല്പമാണെങ്കിൽക്കൂടി അതു വൈകാരികമായ ഒരു സംതൃപ്തി പ്രദാനം ചെയ്യുന്നുണ്ട്. പാശ്ചാത്യനാടുകളിൽനിന്നു നമ്മുടെ ദൈവാലയ തിരുമുറ്റങ്ങളിലേക്കു ചേക്കേറിയ ക്രിസ്മസ്ട്രീകൾ ഇന്നു ഭവനങ്ങളിൽമാത്രമല്ല, നാൽക്കവലകളിൽവരെ നാട്ടപ്പെടുകയാണ്. ചിലർ പ്രതീക്ഷയുടെ ഹരിതാഭ നിറഞ്ഞ ക്രിസ്മസ്ട്രീകൾ ഉണക്കക്കമ്പുകളിൽ ചായം പൂശി മിനുക്കിയെടുക്കുകയാണിന്ന്. കെട്ടുറഞ്ഞ മരക്കമ്പിൽ എന്തു പ്രത്യാശ?

ഓരോ ക്രിസ്മസ്ട്രീയും നമ്മെ ഓർമപ്പെടുത്തുന്ന വലിയ യാഥാർഥ്യമുണ്ട്. നാം ജീവിതത്തിൽ കണ്ടുമുട്ടുന്നവരെ അവർ ആയിരിക്കുന്ന വിധത്തിൽ അംഗീകരിച്ചു സ്വീകരിക്കാൻ നമുക്കു കഴിയണം. ആഘോഷത്തിന്റെ ആരവങ്ങൾ കെട്ടടങ്ങുമ്പോൾ വേരു നഷ്ടപ്പെട്ട ക്രിസ്മസ്ട്രീകൾ മഞ്ഞും മഴയും വെയിലുമേറ്റു പ്രതാപം നഷ്ടപ്പെട്ട് ഉണങ്ങിയ അസ്ഥിപഞ്ജരമായിത്തീരുമ്പോൾ ഉപേക്ഷിക്കപ്പെടുന്ന ഒരു പാഴ്മരമായി മാറാറില്ലേ? ഓരോ ക്രിസ്മസ്ട്രീയും മനുഷ്യജീവിതത്തിന്റെ നൈമിഷികതയെ ഓർമപ്പെടുത്തുന്നുണ്ട്. അണിഞ്ഞൊരുങ്ങി വർണം വിതറി സമ്മാനങ്ങളാൽ നിറഞ്ഞുനില്ക്കുമ്പോൾ ക്രിസ്മസ്ട്രീ ഒരു ക്രിസ്മസ് മനുഷ്യനായിരുന്നെങ്കിലെന്ന് ആശിക്കുകയും അതൊന്നു കെട്ടിപ്പുണരാൻ കൊതിക്കുകയും ചെയ്യാറുണ്ട്. നമ്മുടെ ജീവിതത്തെയും നന്മയുടെ വർണം വിതറുന്ന, സമ്മാനങ്ങൾ കൈമാറാൻ സന്മനസ്സുള്ള ഒരു ക്രിസ്മസ്ട്രീയായി പരുവപ്പെടുത്തണം. മറ്റുള്ളവർക്കു മുന്നിൽ ശോഭിച്ചുനിൽക്കുന്ന, ഒരു സരളവൃക്ഷമായി രൂപാന്തരപ്പെടണം. നമ്മുടെ വേരുകൾ നഷ്ടപ്പെടാതെ സൂക്ഷിക്കണം. അല്ലെങ്കിൽ, ഉറഞ്ഞ പാഴ്മരക്കൊമ്പുകളായി പരിണമിക്കും. ■

## അറിയിപ്പ്

ക്രിസ്മസ് പ്രമാണിച്ച് ഓഫീസ് അവധിയായതിനാൽ അടുത്തയാഴ്ച ദീപനാളം പ്രസിദ്ധീകരിക്കുന്നതല്ല.

പത്രാധിപർ



കവിത — രാജീവ് ആലുങ്കൽ

## രക്ഷകൻ

സാരമില്ലെന്നു ചൊല്ലുവാനായി
സഖികളാരോരു,മില്ലാത്ത സാധു
അബ്ബാ... എന്നു വിളിക്കുവാനായി
അരുമമക്കളെ കരുതാത്ത ഈശോ.

വചനവിത്തുകൾ കൊത്തിപ്പറന്നുപോയ്
കിളികളനവധി പലകാലകങ്ങളിൽ
മുള്ളിലെപ്പോഴും നൊന്തുനടന്നിട്ടും
ഉള്ളിലിത്തിരി പരിഭവമില്ലാത്തോൻ.

മടിയിലെ ശീലക്കുമ്പിളിൽ, അരഷെക്കിൾ
നാണയംപോലും കരുതാതിരുന്നവൻ
മണ്ണിൽവന്നു മനുജന്റെ മനസ്സിലെ
മിഴിതെളിച്ച മരപ്പണിക്കാരൻ.

അപ്പമുടലാക്കി, രക്തത്തെ വീഞ്ഞാക്കി
അപ്രമാണിത്ത, മെല്ലാമടക്കിയോൻ
തീനുമേശയെ സ്നേഹവിജ്ഞാനത്തിൻ
പാഠശാലയായ് തീർത്ത മഹോന്നതൻ.

ഭൂമിയെന്ന ഇടത്താവളത്തിലെ
പാപഭാരം ശിരസ്സാവരിച്ചവൻ.
ജീവിതത്തെ മുറിച്ചുകൊടുത്തവൻ
തൂവിയർപ്പായ്, നിണം പൊടിച്ചിട്ടവൻ.

സഹനനോവിൻ പുഴയെ കടന്നവൻ
വിരഹവേനൽ, കനൽകോരിയിട്ടവൻ
പദവികൾക്കു പിറകേ നടക്കാതെ
പെരുമവേണ്ടെന്നു തീർച്ചപ്പെടുത്തിയോൻ.

മൂന്നുദശകവും പിന്നെമൂന്നാണ്ടുമീ
മണ്ണിലെ പ്രായം എഴുതിയെടുത്തവൻ
ശത്രുവിന്റെ വിചാരണാനാടകം
കണ്ടുകൊണ്ടു കിടന്നയെൻ രക്ഷകൻ.

ഒറ്റവസ്ത്രവും സ്വന്തമായില്ലാതെ
ഒറ്റുകാരന്റെ തെറ്റിൽ പിടഞ്ഞവൻ
തോറ്റുപോയവനീശോ – ഈ നേരവും
അറ്റമെത്തിയോർ,ക്കാരാധ്യനായവൻ.

# കാണികൾക്കു ദൃശ്യവിരുന്നായി തിരുപ്പിറവിസന്ദേശയാത്ര



*എസ്.എം.വൈ.എം. - കെ.സി.വൈ.എം. സംഘടിപ്പിച്ച 'ഹോളി നൈറ്റ് 2k23' തിരുപ്പിറവി സന്ദേശയാത്ര പാലാ ഡി.വൈ.എസ്.പി. എ.ജെ. തോമസ് ഫ്ളാഗ് ഓഫ് ചെയ്യുന്നു. മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപറമ്പിൽ തുടങ്ങിയവർ സമീപം.*

പാലാ: തിരുപ്പിറവിസന്ദേശവുമായി പാലാ രൂപത എസ്.എം.വൈ.എം. - കെ.സി.വൈ.എം. അണിയിച്ചൊരുക്കിയ 'ഹോളി നൈറ്റ്' സന്ദേയാത്ര കാണികൾക്കു ദൃശ്യവിരുന്നായി. ഡിസംബർ 17 ഞായറാഴ്ച വൈകുന്നേരം പാലാ ബിഷപ്സ് ഹൗസിൽ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്ത സന്ദേശയാത്ര പാലാ ഡി.വൈ.എസ്.പി. എ.ജെ. തോമസ് ഫ്ളാഗ് ഓഫ് ചെയ്തു.

പാലാ നഗരവീഥിയിലൂടെ നീങ്ങിയ സന്ദേശയാത്രയ്ക്കു വർണമനോഹരമായ നിശ്ചലദൃശ്യങ്ങളും ക്രിസ്മസ് പാപ്പാമാരും കൊഴുപ്പേകി. രൂപത മുൻ അധ്യക്ഷനും കെ.സി.വൈ.എം. രൂപത പ്രഥമ ഡയറക്ടറുമായ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ, സിഞ്ചെല്ലൂസുമാരായ മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിക്കൽ, പാലാ നഗരസഭ ചെയർപേഴ്സൺ ജോസിൻ ബിനോ, മരിയസദനം സന്തോഷ്, എസ്.എം.വൈ.എം. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ആനിമേറ്റർ സിസ്റ്റർ ആൻസ് എസ്.എച്ച്., രൂപത പ്രസിഡന്റ് തോമസ് ബാബു, ജനറൽ സെക്രട്ടറി ടോണി കവിയിൽ, വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബ്, രൂപത മുൻ പ്രസിഡന്റുമാരായ ഷിജോ ചെന്നോലി, ജിനു മുട്ടപ്പള്ളി, രൂപത മുൻ ജനറൽ സെക്രട്ടറി ആന്റോച്ചൻ ജെയിംസ് തുടങ്ങിയവർ സന്ദേശയാത്രയ്ക്കു നേതൃത്വം നൽകി.

ഒന്നാം സ്ഥാനം ചെമ്മലമറ്റം യൂണിറ്റും രണ്ടാം സ്ഥാനം കുറവിലങ്ങാട് യൂണിറ്റും മൂന്നാം സ്ഥാനം വാരിയാനിക്കാട് യൂണിറ്റും കരസ്ഥമാക്കി. രൂപതയിലെ വിവിധ ഇടവകകളിൽനിന്നായി 15 ഓളം ടീമുകൾ പങ്കെടുത്തു.


**Sandhya BAKERS**
Municipal Complex Building, PALA
Mob: 94472 12331
Vadakkel Building BHARANANGANAM
Mob: 94472 10221
Pulickakkandam Buildings
P.P.Road MURIKKUMPUZHA
Mob: 8281212331 www.sandhyabakers.com

**Sandhya CATERERS**
NEAR K.S.R.T.C. PALA
Mob: 94952 10331
NEAR PVT. BUS STAND THODUPUZA
PH: 04862 227222
www.sandhyacaterers.com

**കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ**
KOTTATHIL AYURVEDIC CENTRE
ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com





- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.


# സന്തോഷത്തിന്റെ സദ്വാർത്ത



**സി. ലിസറ്റ് എസ്.എച്ച്.**

നിർമലസ്നേഹത്തിന്റെ മേലങ്കിയാൽ മാനവരാശി മുഴുവനും പൊതിയപ്പെട്ട പുണ്യദിനമാണ് ക്രിസ്മസ്. തിരുപ്പിറവിയുടെ വിശുദ്ധനിമിഷങ്ങൾ ലോകം മുഴുവനുംവേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയാണെന്ന് വി. ലൂക്കാ സുവിശേഷകൻ പ്രഘോഷിക്കുന്നു. "ദൂതൻ അവരോടു പറഞ്ഞു: ഭയപ്പെടേണ്ട, ഇതാ സകലജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ



സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു" (വി. ലൂക്കാ 2:10-11). പിള്ളക്കച്ചയിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ ശയിക്കുന്ന 'ഇമ്മാനുവേൽ' സകലരെയും ഓർമപ്പെടുത്തുന്നു: 'ക്രിസ്മസ് സന്തോഷത്തിന്റെയും ശാന്തിയുടെയും പ്രത്യാശയുടെ സ്നേഹസങ്കീർത്തനമാണ്."

രക്ഷകന്റെ പിറവി സന്തോഷത്തിന്റെ ആഘോഷമാണ്. സ്വർഗത്തിന്റെ ആനന്ദദൂതു ശ്രവിച്ച് ആദ്യം സന്തോഷചിത്തരായത് പരി. കന്യകാമറിയവും വി. യൗസേപ്പിതാവുമാണ്. പിന്നീട് ഈശോയ്ക്കു വഴിയൊരുക്കിയ സ്നാപകയോഹന്നാന്റെ മാതാപിതാക്കൾ - സഖറിയായും എലിസബത്തും - ആ സന്തോഷം പങ്കിട്ടനുഭവിച്ചു. ദൈവപിതാവിന്റെ കരുണാർദ്രസ്നേഹം ഭൂമിയിൽ പെയ്തിറങ്ങിയ പാതിരാവിൽ വാനിൽ മാലാഖവൃന്ദത്തിന്റെ സ്വർഗീയസംഗീതം കേട്ട് നിഷ്കളങ്കരായ ആട്ടിടയരും നീണ്ട വർഷങ്ങളുടെ കാത്തിരിപ്പിന്റെ സാക്ഷാത്കാരമായി പിറന്ന മിശിഹായെ ബേത്‌ലഹേമിലെ പുൽക്കൂട്ടിൽ ദർശിച്ച പൂജരാജാക്കന്മാരും ആമോദചിത്തരായി. പാരിനു ജീവനേകാൻ സ്വർഗം വിട്ടിറങ്ങിവന്ന ദൈവപുത്രന്റെ ദർശനഭാഗ്യം സിദ്ധിച്ചവരെല്ലാം ആഹ്ലാദപൂർവം ദൈവസ്തുതികൾ ആലപിച്ചു.

എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ച പരിശുദ്ധ അമ്മയെപ്പോലെ മനുഷ്യാവതാരരഹസ്യങ്ങളിലേക്കു ഹൃദയം ചേർത്തുവച്ച് നിശ്ശബ്ദതയുടെ സംസ്കാരത്തിലേക്കു വളരാൻ നമുക്കു കഴിയട്ടെ.

വചനം മാംസമായി അവതരിച്ച ക്രിസ്മസ്ദിനം സമർപ്പണത്തിന്റെയും പങ്കുവയ്ക്കലിന്റെയും സന്ദേശവും കൂടി നമുക്കു പകർന്നുതരുന്നു. പരിശുദ്ധ അമ്മയുടെ സമ്പൂർണസമർപ്പണമാണു ദൈവപുത്രന്റെ ജനനത്തിനു നിദാനം. ഇടയന്മാരും തങ്ങളുടെ ജീവിതം മുഴുവനും രക്ഷകന്റെ മുമ്പിൽ സമർപ്പിച്ചു. പൂജരാജാക്കന്മാരാകട്ടെ, ഏറ്റവും മൂല്യമേറിയ പൊന്നും മീറയും കുന്തിരിക്കവും ഉണ്ണീശോയുടെമുമ്പിൽ കാഴ്ചയർപ്പിച്ച് ആരാധിച്ചു. മറ്റുള്ളവരുടെ സന്തോഷത്തിനുവേണ്ടി നമുക്കുള്ളവ ഇല്ലാത്തവരുമായി പങ്കുവച്ച് അവരുടെ ജീവിതത്തിൽ സന്തോഷമേറ്റാനും ക്രിസ്മസ് നമ്മെ ആഹ്വാനം ചെയ്യുന്നു.

ദരിദ്രമായ ഒരു കുടുംബത്തിൽ സന്തോഷത്തിന്റെ ദീപം കൊളുത്തിയ ഒരു ക്രിസ്മസ്കഥ വായിച്ചതു കുറിക്കട്ടെ: ഒരു ഇടവകയിൽ ക്രിസ്മസിന് ഇടവകാംഗങ്ങളെല്ലാവരും ഉണ്ണിമിശിഹായ്ക്കു സമ്മാനങ്ങൾ നൽകുന്ന പതിവുണ്ട്. നൽകുന്നതിൽ ഏറ്റവും മൂല്യമുള്ള സമ്മാനം ഉണ്ണി കൈനീട്ടി വാങ്ങും എന്ന പരമ്പരാഗത വിശ്വാസം അവർക്കുണ്ട്. ഉണ്ണീശോയ്ക്കു നൽകാൻ ഒരാൾ ഒരു ക്ലോക്ക് വളരെ ശ്രദ്ധയോടെ നിർമിച്ചു. ക്രിസ്മസിനു രണ്ടുദിവസംമുമ്പ് അയൽപക്കത്തുള്ള ദരിദ്രയായ ഒരമ്മയെ, നല്ല ഭക്ഷണത്തിനും ക്രിസ്മസ്സമ്മാനങ്ങൾക്കുമായി കുഞ്ഞുങ്ങൾ ശല്യപ്പെടുത്തുന്നതു ക്ലോക്കുനിർമാതാവു ശ്രദ്ധിച്ചു. കുട്ടികളുടെ കരച്ചിലും അമ്മയുടെ നിസ്സഹായാവസ്ഥയും അയാളിൽ കാരുണ്യം ജനിപ്പിച്ചു. മനോഹരമായ ക്ലോക്കു വിറ്റ് പണം ആ അമ്മയെ അയാൾ ഏല്പിച്ചു. കുഞ്ഞുങ്ങൾക്കു ക്രിസ്മസ് സന്തോഷമായിത്തീർന്നു. ക്രിസ്മസ് രാത്രിയായി. അയാൾ ഒരു ആപ്പിളുമായി പള്ളിയിലെത്തി. ഉണ്ണി കരംനീട്ടി ആപ്പിൾ വാങ്ങി! വിലപ്പിടിപ്പുള്ള സമ്മാനങ്ങളല്ല; മറിച്ച്, ഇല്ലായ്മകളും വല്ലായ്മകളും നിറഞ്ഞ ജീവിതങ്ങളിലേക്ക് സന്തോഷം പകർന്നുനൽകുന്ന പങ്കുവയ്ക്കലിന്റെ ചൈതന്യമാണ് ദൈവതിരുമുമ്പിൽ മൂല്യമേറിയത് എന്ന് ഈ കഥ നമ്മെ പഠിപ്പിക്കുന്നു. ഈ കഥയിലെ വ്യാപാരിയെപ്പോലെ സ്വന്തം ആഗ്രഹങ്ങൾ മാറ്റിവച്ചു മറ്റുള്ളവരുടെ ഹൃദയങ്ങളിൽ സന്തോഷത്തിന്റെ സൂചിക ഉയർത്താൻ ത്യാഗപൂർവം നാം തയ്യാറാകുമ്പോൾ ക്രിസ്മസ് സന്തോഷത്തിന്റെ ആഘോഷമാകും.

# നീൽമോഹർ പൂക്കും ക്രിസ്മസ്കാലം



സുജിത് തോമസ്



അനിർവചനീയമായ ആഹ്ലാദം മനസ്സിനു സമ്മാനിക്കുന്ന ക്രിസ്മസ്കാലം നീൽമോഹർ പൂക്കൾപോലെ നിറപ്പകിട്ടാർന്ന ഓർമകളാണ് എന്റെ മനസ്സിലേക്കു കൊണ്ടുവരുന്നത്.

കോട്ടയം ജില്ലയിലെ പാലായ്ക്കടുത്ത് പ്രവിത്താനം എന്ന ശാന്തസുന്ദരമായ നാട്ടിൻപുറം. ഏറെ അംഗങ്ങളുള്ള, കൂട്ടുകുടുംബവ്യവസ്ഥിതി പിന്തുടർന്നുപോന്നിരുന്ന ഒരു വലിയ തറവാട്ടിൽ ക്രിസ്മസും ഈസ്റ്ററും ഓണവും കപ്പവാട്ടും നെൽക്കൊയ്ത്തും മിഖായേൽ മാലാഖയുടെ തിരുനാളും എല്ലാം വലിയ ആഘോഷത്തോടെ കൊണ്ടാടിയിരുന്ന കുട്ടിക്കാലവും കൗമാരവും. ക്രിസ്മസിന്റെ വരവറിയിച്ചിരുന്നത് തെക്കിനിയോടു ചേർന്നുനിന്നിരുന്ന നീൽമോഹർമരങ്ങളായിരുന്നു. ഡിസംബറിൽ വിരിഞ്ഞുതുടങ്ങുന്ന നീൽമോഹർപൂക്കൾ കാണുമ്പോൾ മനസ്സിൽ അതിരില്ലാത്ത സന്തോഷം നിറയും. അവ പൂക്കുന്നത് രാവിലെയോ വൈകുന്നേരമോ എന്ന എന്റെ നിഷ്കളങ്കചോദ്യത്തിന് ഭവാനിയമ്മ പറഞ്ഞുതന്നത്, രാത്രിയിൽ എല്ലാവരും ഉറങ്ങുമ്പോഴാണ് അതിൽ മാലാഖമാർ പൂക്കൾ നിറയ്ക്കുന്നത് എന്നത്രേ.

ചെറുപ്പകാലത്തെ ക്രിസ്മസ് മനോഹരമായ ഒരു ഓർമ്മയാക്കിയതിന് ഒരുപക്ഷേ, ഞാൻ ഏറെ കടപ്പെട്ടിരിക്കുന്നത് സ്നേഹനിധിയായ എന്റെ അനിയൻ മാത്തുക്കുട്ടിയോടാണ്. ഓരോ ക്രിസ്മസിനും അലങ്കാരമാലകളും വർണവിളക്കുകളും, ലാത്തിരി - പൂത്തിരി പടക്കങ്ങളുമെല്ലാം കാലേകൂട്ടി ഒരുക്കിവച്ചിരുന്നത് മാത്തുക്കുട്ടിയായിരുന്നു. ഇന്നും ക്രിസ്മസ് ഒരുക്കാൻ കുട്ടികളെക്കാൾ ആവേശം അദ്ദേഹത്തിനാണ്.

കുഞ്ഞുനാളിൽ തറവാടിന്റെ വിശാലമായ മുറ്റത്തൊരുക്കിയിരുന്ന തടിയിൽ തീർത്ത പുൽക്കൂട്, കാഞ്ഞിരപ്പള്ളിയിൽനിന്നു വല്യപ്പച്ചൻ ഞങ്ങൾ കൊച്ചുമക്കൾക്കു സമ്മാനമായി കൊടുത്തയച്ചതായിരുന്നു. ആ പുൽക്കൂട്ടിൽ വിരിക്കാനുള്ള ഉണ്ണീശോപ്പുല്ല് ശേഖരിച്ചിരുന്നത് കാര്യസ്ഥൻ കൃഷ്ണൻകുട്ടിച്ചേട്ടനും. പുല്ലു കിട്ടിയാൽ അതൊക്കെ വിരിച്ചു രൂപങ്ങൾ ഒരുക്കാനും ഉണ്ണീശോയെ കിടത്താനുള്ള കച്ച നിരത്താനും ഞാനും അനിയത്തി ഉണ്ണിയമ്മയും തിടുക്കംകൂട്ടിയിരുന്നു. ചേച്ചി സീതമ്മ ക്രിസ്മസ് ട്രീ അലങ്കാരങ്ങളിൽ വ്യാപൃതയായി. അന്ന് ക്രിസ്മസ് ട്രീകൾ ഇന്നത്തെപ്പോലെ ഇറക്കുമതി ആയിരുന്നില്ല. മിക്ക വീടുകളിലും എന്തെങ്കിലും മരങ്ങളോ ചെടികളോ പാകത്തിനുണ്ടായിരുന്നു. മുറ്റത്തെ പടർന്നുനിൽക്കുന്ന മൂവാണ്ടൻമാവായിരുന്നു ഞങ്ങളുടെ ക്രിസ്മസ് ട്രീ. സീതമ്മയും ചേച്ചിമാരും വർണത്തോരണങ്ങൾ മൈദാമാവ് കുറുക്കിയ പശകൊണ്ടു ചാർത്തി ക്രിസ്മസ്ട്രീയെ കൂടുതൽ അലംകൃതമാക്കി. ചേട്ടന്മാരും സഹായികളും, കുഞ്ഞനിയൻ മാത്തുക്കുട്ടിയോടൊപ്പം നക്ഷത്രവിളക്കുകൾ തൂക്കി രാവെളുക്കുവോളം പടക്കം പൊട്ടിച്ചും പൂത്തിരി കത്തിച്ചും ഉല്ലസിച്ചു. കൂട്ടുകുടുംബത്തിലെ ചില അംഗങ്ങൾ കുളിരുംരാവിൽ പാതിരാക്കുർബാനയ്ക്കു പോയി. മടിപിടിച്ചു മൂടിപ്പുതച്ചുറങ്ങിയ ഞാനടക്കമുള്ള അവശേഷിക്കുന്ന അംഗങ്ങൾ അതിരാവിലെ തണുത്തുവിറങ്ങലിച്ചു പള്ളിയിൽ പോയി. പത്തു മക്കളും, മരുമക്കളും, അമ്പതോളം കൊച്ചുമക്കളും ഉള്ള തറവാടിന്റെ കാരണവത്തിയായ വല്യമ്മച്ചിയോടൊപ്പം വാഹനത്തിൽ പള്ളിയിൽ പോകാനുള്ള നറുക്ക് ചില ഭാഗ്യശാലികൾക്കുമാത്രം സിദ്ധിച്ചിരുന്ന ഒരു അപൂർവയോഗമായിരുന്നു. എൺപതു കഴിഞ്ഞ വല്യമ്മച്ചിയുടെ പള്ളിയിൽപോക്ക് പ്രൗഢമായിരുന്നു. തലേന്നു വൈകുന്നേരംതന്നെ വെഞ്ചാമരംപോലെ ഞൊറിഞ്ഞുവച്ച ഉടയാത്ത ഇരുമുറിമുണ്ടും, പൊൻകസവിൽ നെയ്തെടുത്ത നേര്യതും, സ്വർണക്കുണുക്കും, വളക്കാപ്പും, കാശുമാലയും, കറുത്തമുത്തിന്റെ കൊന്തയും, ഉത്തരീയവും തവിട്ടുനിറത്തിലുള്ള തുകൽച്ചെരിപ്പും ഒക്കെയണഞ്ഞു കുലീനയായി നടന്നിറങ്ങുന്ന അമ്മച്ചിയെ അനുധാവനം ചെയ്യുകയെന്നത്, അന്ന് ഏറെ അഭിമാനകരമായ ഒരു കാര്യമായിരുന്നു പലർക്കും. പള്ളിയിൽനിന്നു തിരിച്ചുവരുമ്പോൾ അമ്മയുടെ മേൽനോട്ടത്തിൽ തയ്യാറാക്കിയ സ്വർണനിറത്തിലുള്ള ലേസ് പാലപ്പവും മട്ടൺ സ്റ്റൂവുമൊക്കെ വിശാലമായ ഊട്ടുമുറിയിലെ തീന്മേശയിൽ നിരന്നിട്ടുണ്ടാവും.

ക്രിസ്മസ്കാലത്ത് അമ്മ ഒരുക്കിയിരുന്ന നാനാവിധവിഭവങ്ങളാണ് എന്നെ മുഖ്യമായും ആകർഷിച്ചിരുന്നത്. അമ്മയും അടുക്കളത്തോഴരും കൂടി പാചകം ചെയ്തു വിളമ്പിയ വിഭവസമൃദ്ധമായ ഉച്ചവിരുന്നിന്റെ രുചി നാവിൻതുമ്പത്ത് ഇന്നും നിറഞ്ഞുനിൽക്കുന്നു. തറവാട്ടിലെ കിഴക്കിനിപ്പുരയിലെ അറയ്ക്കുള്ളിൽ ക്രിസ്മസ്കാലത്തെ അതിഥികൾക്കു കൊടുക്കാനായിമാത്രം ഭരണികളിൽ കരുതിവച്ചിരുന്ന അച്ചപ്പം, കുഴലപ്പം, അവലോസുണ്ട, അരിയുണ്ട, മുറുക്ക്, നെയ്യപ്പം തുടങ്ങിയ പലഹാരങ്ങളും, വിരുന്നുണ്ണാൻ വരുന്ന പുതുപ്പെണ്ണിനും ചെക്കനും കൊടുക്കാൻ പടിഞ്ഞാറേപ്പുരയുടെ അടിയിലെ നിലവറയ്ക്കുള്ളിൽ കൽഭരണികളിൽ കരുതിവച്ചിരുന്ന മേൽത്തരം മുന്തിരിവൈനും സമ്മിശ്രഗന്ധത്തോടെ ഇന്നും മനസ്സിൽ നിറയുന്നു. അറപ്പുരയുടെ താക്കോൽകൂട്ടം ഇറയത്തെ തടിപ്പെട്ടിക്കുള്ളിലെ ഓട്ടുചെല്ലാനുള്ളിൽ വല്യമ്മച്ചിയുടെ ആമാടപ്പെട്ടിയോടൊപ്പം ഭദ്രമായിരുന്നു. വല്യമ്മച്ചിയുടെ സിൽബന്ധികളോടും പേരക്കുട്ടികളോടും ചിലപ്പോഴൊക്കെ ഈ താക്കോൽക്കൂട്ടവും വെൺകൽഭരണികളും കരുണ കാണിച്ചിരുന്നതിനാൽ അവധിക്കാലം ഞങ്ങൾക്കു മധുരിതമായിരുന്നു.

ദൂരദർശൻ മലയാളം ചാനലിൽ ക്രിസ്മസ് സ്പെഷ്യൽ സിനിമ കാണാൻ, തെക്കിനിയുടെ തിണ്ണയിലും മുറ്റത്തും വരെ ആളുകൾ കൂട്ടംകൂടിയിരുന്നു. അന്നൊക്കെ നാട്ടുകാരുടെ ഇത്തരം കൂടിച്ചേരലുകളും തമാശപറച്ചിലുകളുമൊക്കെ രസകരമായ അനുഭവങ്ങളായിരുന്നു.

വിദേശത്തുനിന്നും സ്വദേശത്തുനിന്നും ക്രിസ്മസ്കാലത്തുവന്നിരുന്ന ബന്ധുക്കളും സുഹൃത്തുക്കളുമടങ്ങിയ അതിഥികളുടെ ഒരു നീണ്ട നിരതന്നെ ഉണ്ടായിരുന്നു തറവാട്ടിൽ അക്കാലത്ത്. എത്ര വിരുന്നുകാർ വന്നാലും ചായയും പലഹാരവും ഊണും വച്ചുവിളമ്പി സുസ്മേരവദനരായി വിളങ്ങിയ തറവാട്ടിലെ മഹതികൾ - എത്ര മനോഹരമായിരുന്നു ആ ക്രിസ്മസ് കാലങ്ങളൊക്കെ! സ്പെയിനിലെയും ഇംഗ്ലണ്ടിലെയും ജീവിതകാലത്താണ് പാശ്ചാത്യരുടെ ക്രിസ്തുമസ് ആഘോഷം നമ്മുടെ നാട്ടിലെ ലളിതമായ ആഘോഷങ്ങളിൽനിന്നും എത്രയോ വിഭിന്നമാണെന്ന് ഞാൻ തിരിച്ചറിഞ്ഞത്. നവംബർ മാസം അവസാനത്തോടെ ഇവിടങ്ങളിലെ തെരുവീഥികളെല്ലാം അലങ്കരിച്ചുകഴിഞ്ഞിരിക്കും. രാവിനെ പകലാക്കുന്ന പ്രഭാപൂരിതമായ ആ അന്തരീക്ഷത്തിൽ പ്രകൃതിപോലും മഞ്ഞിൻകണങ്ങളാൽ തീർത്ത വെള്ളക്കുപ്പായമണിഞ്ഞു ക്രിസ്മസിനെ വരവേൽക്കാൻ ഒരുങ്ങിനിൽക്കുന്നതുപോലെ തോന്നും. മനോഹരമായി അലങ്കരിക്കപ്പെടുന്ന പൈൻമരക്കൊമ്പുകളും ഫിർ മരങ്ങളും... എങ്ങും എവിടെയും സൽക്കാരവിരുന്നുകളും മേളങ്ങളും. കടകളിലെല്ലാം കച്ചവടം പൊടിപൊടിക്കുന്നു. എല്ലാവരുടെയും മുഖത്ത് സന്തോഷം തിരതല്ലുന്ന കാലം. കുട്ടികളോടൊപ്പം സമയം ചെലവഴിച്ചും, പാചകത്തിൽ പുതുപരീക്ഷണങ്ങൾ നടത്തിയും, കേക്കുകൾ ഉണ്ടാക്കിയും അതിഥികളെ സ്വീകരിച്ചും ബന്ധുഗൃഹങ്ങൾ സന്ദർശിച്ചും ക്രിസ്മസ് അവിസ്മരണീയമാക്കി ഞങ്ങൾ മാറ്റുന്നു.

ഈ ഓർമക്കുറിപ്പിന് ഇവിടെ വിരാമം കുറിക്കുമ്പോൾ രാത്രിയുടെ യാമങ്ങൾ പലതു കഴിഞ്ഞിരിക്കുന്നു. തണുപ്പ് അരിച്ചുവീഴുന്ന ഈ പാതിരാവിൽ പുതപ്പിനുള്ളിൽ ശാന്തമായി ഉറങ്ങുന്ന കുട്ടികളും പ്രിയതമയും. ജാലകവിരിപ്പുമാറ്റി പുറത്തേക്കുനോക്കി. ഒരു കുളിർമഴയ്ക്കുശേഷം സ്വച്ഛമായ ആകാശവിതാനം.

പതിവില്ലാതെ ഉണർന്നിരിക്കുന്ന എന്നെ നോക്കി നക്ഷത്രങ്ങൾ കണ്ണുചിമ്മി സ്വകാര്യം പറഞ്ഞു: "ഇതാ നിന്റെ നീൽമോഹർ വീണ്ടും പൂത്തിരിക്കുന്നു, ഒരു ക്രിസ്മസ്കാലംകൂടി വന്നണഞ്ഞിരിക്കുന്നു."

ഈ സമയം സഹസ്രാബ്ദങ്ങൾക്കുമുമ്പ് രക്ഷകന്റെ വരവറിയിച്ച ആ മാലാഖമാരുടെ സംഗീതം ഞാൻ കേട്ടു: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനവും പ്രത്യാശയും." ലോകം അസമാധാനത്തിലും അശാന്തിയിലും കടന്നുപോകുന്ന ഇക്കാലത്തു പുൽക്കൂട്ടിലെ ഉണ്ണിയേശു നമ്മുടെ ജീവിതങ്ങളെ സമാധാനത്തിലും പ്രത്യാശയിലും നയിക്കട്ടെ എന്ന പ്രാർഥനയോടെ സന്തോഷം നിറഞ്ഞ ഒരു ക്രിസ്മസ്കാലവും ശാന്തിയും സമാധാനവും നിറഞ്ഞ ഒരു പുതുവത്സരവും ഏവർക്കും ആശംസിക്കുന്നു. ■

---

# ക്രിസ്മസ് പാചകം



ആൻസി മാത്യു

## കുതിരവാലി കട്‌ലറ്റ് (Barnyard Cutlet)

| | |
|---|---|
| കുതിരവാലി മില്ലറ്റ് | - അരക്കപ്പ് |
| ബീറ്റ്റൂട്ട് വേവിച്ചത് | - 100 ഗ്രാം |
| മധുരക്കിഴങ്ങ് വേവിച്ചത് | - 250 ഗ്രാം |
| സവാള | - 250 ഗ്രാം |
| ഇഞ്ചി പൊടിയായി അരിഞ്ഞത് | - 1 ടീസ്പൂൺ |
| പച്ചമുളക് പൊടിയായി അരിഞ്ഞത് | - 5 എണ്ണം |
| കറിവേപ്പില പൊടിയായി അരിഞ്ഞത് | - രണ്ടു തണ്ട് |
| ഇറച്ചിമസാല | - 2 ടേബിൾ സ്പൂൺ |
| കുരുമുളകുപൊടി | - 1 ടീസ്പൂൺ |
| മുട്ട | - 2 |
| റൊട്ടിപ്പൊടി | - കപ്പ് |
| ഉപ്പ് | - ആവശ്യത്തിന് |
| എണ്ണ | - വറുക്കാൻ ആവശ്യത്തിന് |

### തയ്യാറാക്കുന്ന വിധം

കുതിരവാലി മില്ലറ്റ് 8 മണിക്കൂർ കുതിർത്തതിനുശേഷം നന്നായി വേവിച്ച് എടുക്കുക. ചുവടുകട്ടിയുള്ള പാത്രത്തിൽ എണ്ണ ചൂടാക്കി സവാള, ഇഞ്ചി, പച്ചമുളക്, കറിവേപ്പില എന്നിവ വഴറ്റിയതിലേക്ക് മീറ്റ് മസാലയും കുരുമുളകു പൊടിയും ചേർത്ത് വഴറ്റുക. ഇതിലേക്ക് വേവിച്ച മില്ലറ്റ് ചേർത്ത് നന്നായി യോജിപ്പിക്കുക. ബീറ്റ്റൂട്ട് വേവിച്ചുടച്ചതും കിഴങ്ങ് പുഴുങ്ങിപ്പൊടിച്ചതും ചേർത്ത് യോജിപ്പിച്ച് കട്‌ലറ്റ് രൂപത്തിൽ ഷേപ്പ് ചെയ്ത് മുട്ടവെള്ളയിൽ മുക്കി റൊട്ടിപ്പൊടിയിൽ പൊതിഞ്ഞ് ചൂടായ എണ്ണയിൽ വറുത്തു കോരുക.



## റാഗിലഡു



റാഗിപ്പൊടി - ഒരു കപ്പ്
ശർക്കര -മുക്കാൽ കപ്പ്
തേങ്ങ ചിരകിയത് - അരക്കപ്പ്
ഏലയ്ക്കാപ്പൊടി - ഒരു ടീസ്പൂൺ
നെയ്യ് - 2 ടേബിൾസ്പൂൺ
അണ്ടിപ്പരിപ്പ് - ആവശ്യത്തിന്
വെള്ളം - അരക്കപ്പ്

### തയ്യാറാക്കുന്ന വിധം

ഒരു പാനിൽ അല്പം നെയ്യ് ഒഴിച്ച് റാഗിപ്പൊടി നന്നായി വറുത്ത് മാറ്റുക. അരപ്പു വെള്ളത്തിൽ ശർക്കരയിട്ട് ഉരുക്കി അരിച്ചെടുക്കുക. ശർക്കരപ്പാനി പാനിൽ ഒഴിച്ച് നന്നായി തിളപ്പിച്ച് അതിലേക്ക് ഡെസിക്കേറ്റഡ് കോക്കനട്ട് ചേർക്കുക. ഇതിലേക്ക് വറുത്തുവച്ച റാഗിപ്പൊടിയും ഏലയ്ക്കാപ്പൊടിയും ചേർത്ത് നന്നായി മിക്സ് ചെയ്യുക. അണ്ടിപ്പരിപ്പും മിച്ചമുള്ള നെയ്യും കൂടി ചേർത്ത് ഉരുട്ടാനുള്ള പാകത്തിനു വാങ്ങി വച്ച് ചൂടാറുന്നതിനു മുമ്പ് കയ്യിൽ നെയ്യ് തടവി ഉരുളകളാക്കിയെടുക്കുക.

## മില്ലറ്റ് മഫിൻസ്



ബട്ടർ - 100 ഗ്രാം
പഞ്ചസാര പൊടിച്ചത് - 150 ഗ്രാം
മുട്ട - 2
വാനില എസൻസ് - 2 ടീസ്പൂൺ
റാഗിപ്പൊടി - അരക്കപ്പ്
മൈദ - അരക്കപ്പ്
ബേക്കിങ് പൗഡർ - 1 ടീസ്പൂൺ
പാൽ - 1/4 കപ്പ്
ഉപ്പ് - ഒരു നുള്ള്

### തയ്യാറാക്കുന്ന വിധം

റാഗിപ്പൊടിയും മൈദയും ബേക്കിംഗ് പൗഡറും അരിച്ചുമാറ്റി വയ്ക്കുക. ബട്ടറും ഉപ്പും നന്നായി ബീറ്റ് ചെയ്ത് സോഫ്റ്റ് ആക്കുക.ഇതിലേക്ക് പഞ്ചസാരയും വാനില എസൻസും ചേർത്ത് നന്നായി ഇളക്കുക.ഈ മിശ്രിതത്തിലേക്ക് മുട്ട ഓരോന്നായി ചേർത്ത് നന്നായി അടിച്ചെടുക്കുക.ഇതിലേക്ക് അരിച്ചുവച്ച റാഗി മിക്സും പാലും മാറി മാറി ചേർത്ത് നന്നായി മിക്സ് ചെയ്യുക.ഈ ബാറ്റർ കപ്കേക്ക് മോൾഡിൽ ഒഴിച്ച് ബേക്ക് ചെയ്യുക.

# ഗവർണർ – മുഖ്യമന്ത്രിപ്പോര് ജനാധിപത്യത്തിനു ഗുണകരമല്ല

നേർമൊഴി



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

ഗവർണർ – മുഖ്യമന്ത്രിപ്പോര് തെരുവുയുദ്ധമായി പരിണമിച്ചിരിക്കുകയാണ്. രണ്ടുപേരും തമ്മിലുള്ള അകൽച്ചയ്ക്കു കാരണങ്ങൾ രാഷ്ട്രീയപരമാണ്. മുഖ്യമന്ത്രി ഇടതുമുന്നണിയുടെ തലവനാണ്. ഭരണഘടനയുടെ സംരക്ഷകനെന്ന നിലയിൽ ഗവർണർ നിഷ്പക്ഷനായിരിക്കണമെന്നാണു സങ്കല്പം. എന്നാൽ, ഭരണമുന്നണി ഗവർണറെ കാണുന്നത് കേന്ദ്രസർക്കാരിന്റെ അജണ്ടകൾ നടപ്പിലാക്കുന്ന ഏജന്റ് എന്ന നിലയിലാണ്. തമ്മിൽ പോരടിക്കുന്ന രണ്ടു പ്രത്യയശാസ്ത്രങ്ങളുടെ തലവന്മാരെന്ന നിലയിലാണ് ഈ പോര് രൂക്ഷമായിത്തുടരുന്നത്. ശരി ആരുടെ പക്ഷത്തായാലും അതിന്റെ ദോഷഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നത് ജനാധിപത്യവിശ്വാസികളും സമാധാനകാംക്ഷികളുമായ സാധാരണക്കാരാണ്.

ജനസേവനവും രാഷ്ട്രനിർമാണവുമാണ് തങ്ങളുടെ ലക്ഷ്യമെന്ന് എല്ലാ രാഷ്ട്രീയനേതാക്കന്മാരും പറയുമെങ്കിലും രാഷ്ട്രീയപ്രവർത്തനം അധികാരത്തിനുവേണ്ടിയുള്ള വടംവലിയാണെന്നു വ്യക്തം. ഏതു മാർഗത്തിലും അധികാരത്തിലെത്തുക. കിട്ടിയ അധികാരം നിലനിർത്താൻ ലഭ്യമായ എല്ലാ സൗകര്യങ്ങളും പ്രയോജനപ്പെടുത്തുക. രാഷ്ട്രീയക്കാരുടെ പൊതുവായ പ്രവർത്തനശൈലി ഇതാണ്.

അധികാരികളാകുമ്പോൾ തങ്ങളിൽ വലിയവൻ ആരാണെന്ന ചിന്തയുമുണ്ടാവുക സ്വാഭാവികം. മുഖ്യമന്ത്രി തിരഞ്ഞെടുക്കപ്പെട്ട നേതാവാണ്. ഗവർണർ കേന്ദ്രസർക്കാരിന്റെ ശിപാർശപ്രകാരം നിയോഗിക്കപ്പെട്ടയാളാണ്. കാര്യനിർവഹണാധികാരം മുഖ്യമന്ത്രിക്കാണ്. കാര്യങ്ങൾ ഭരണഘടനയനുസരിച്ചാണോ നിർവഹിക്കുന്നതെന്നു നിരീക്ഷിക്കുന്നയാളാണു ഗവർണർ. നിയമനിർമാണം നടത്താൻ ഗവർണർക്ക് അധികാരമില്ല. എന്നാൽ, മുഖ്യമന്ത്രി നേതൃത്വം വഹിക്കുന്ന നിയമസഭയ്ക്കു നിയമനിർമാണം നടത്താൻ സാധിക്കും. എങ്കിലും പ്രോട്ടോക്കോൾപ്രകാരം ഗവർണർ മുഖ്യമന്ത്രിക്കു മുകളിലാണ്. അതിനനുസരിച്ചുള്ള നിയമപരിരക്ഷ ഗവർണർക്കുണ്ട്. രാജ്യത്തെ പ്രോട്ടോക്കോൾ ക്രമം ചുവടെ ചേർക്കുന്നു: പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, പ്രധാനമന്ത്രി, ഗവർണർമാർ, മുൻപ്രസിഡന്റുമാർ, ഡെപ്യൂട്ടി പ്രധാനമന്ത്രി, സുപ്രീംകോടതി ചീഫ് ജസ്റ്റീസ് – ലോകസഭാസ്പീക്കർ, കേന്ദ്രമന്ത്രിമാർ, മുഖ്യമന്ത്രിമാർ... അതായത്, പ്രോട്ടോക്കോൾപ്രകാരം ഗവർണർമാർ നാലാം സ്ഥാനത്തും മുഖ്യമന്ത്രിമാർ ഏഴാംസ്ഥാനത്തുമാണ്.



ബ്രിട്ടീഷ് കോളനിഭരണത്തിന്റെ അവശിഷ്ടമാണ് ഗവർണർതസ്തികയെന്നും അതുകൊണ്ടുതന്നെ ഗവർണർതസ്തിക റദ്ദാക്കണമെന്നും പറയുന്നവരുണ്ട്. ഇന്ത്യൻ ഭരണഘടന മാതൃകയാക്കിയത് ബ്രിട്ടന്റെ ഭരണഘടനയാണ്. ഈസ്റ്റിന്ത്യാകമ്പനിയുടെയും ബ്രിട്ടീഷ്സർക്കാരിന്റെയും പ്രതിനിധികളായി അധികാരികൾ രാജ്യത്തുണ്ടായിരുന്നു. അതിന്റെ ചുവടുപിടിച്ചാണ് ഫെഡറൽ ജനാധിപത്യസമ്പ്രദായത്തിൽ ഗവർണർതസ്തിക ഉണ്ടായത്. ഭരണഘടനയുടെ 159-ാം അനുച്ഛേദപ്രകാരമാണ് ഗവർണറെ നിശ്ചയിക്കുക. ഭരണഘടനയുടെ 153, 154 ഖണ്ഡികകളിൽ ഗവർണറുടെ അധികാരങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്.

ഗവർണറെ നിയോഗിക്കുന്നത് കേന്ദ്രസർക്കാരിന്റെ ഉപദേശപ്രകാരം രാഷ്ട്രപതിയായതിനാൽ സംസ്ഥാനസർക്കാരുകൾക്കോ രാഷ്ട്രീയപ്പാർട്ടികൾക്കോ കോടതികൾക്കുപോലുമോ അദ്ദേഹത്തെ നീക്കം ചെയ്യാനാവുകയില്ല. ഇതു മനസ്സിലാക്കിയാണോ എസ്.എഫ്.ഐ.പോലുള്ള പോഷകസംഘടനകൾ ഗവർണറോടു കളിക്കുന്നത് എന്നറിയില്ല. ഗവർണറെ മാറ്റാൻ രണ്ടു മാർഗങ്ങളേയുള്ളൂ. ഒന്ന്: പ്രസിഡന്റ് തിരിച്ചുവിളിക്കുക. രണ്ട്: രാജിവച്ചു സ്വയം പിന്മാറുക. ഇതിനു കേരളത്തിൽ സാധ്യത കാണുന്നില്ല.

സാധാരണനിലയിൽ ഗവർണർതസ്തിക വിശ്രമജീവിതക്കാർക്കുള്ള ഒരു ബഹുമതിയായിട്ടാണു കണക്കാക്കപ്പെടുക. അതായത്, പഞ്ചേന്ദ്രിയങ്ങൾക്കു ക്ഷയം സംഭവിച്ചവരാണു വിശ്രമജീവിതത്തിലേക്കു എത്തുന്നത്. എന്നാൽ, കേരളഗവർണർ എഴുപതുവയസ്സിന്റെ ക്ഷീണം അറിയിക്കാത്ത കരുത്തനും ധീരനുമായ നേതാവാണ്. അദ്ദേഹം തികഞ്ഞ രാഷ്ട്രീയക്കാരനാണ്. വിദ്യാർഥിരാഷ്ട്രീയത്തിലൂടെ വളർന്ന് 26-ാം വയസ്സിൽ എം.എൽ.എ. യും പിന്നീട് എം.പിയും മന്ത്രിയുമെല്ലാമായ രാഷ്ട്രീയക്കാരൻ. പല പാർട്ടികളിൽ ഭാഗ്യം പരീക്ഷിച്ച് അവസാനം പ്രധാനമന്ത്രി മോദിയുടെ ഇഷ്ടക്കാരനായവൻ. ഗവർണറുടെ വലുപ്പം മനസ്സിലാക്കാതെ കളിച്ചതാണ് എസ്.എഫ്.ഐ. പരാജയപ്പെടാൻ കാരണം. ഗവർണറെ യൂണിവേഴ്സിറ്റി കാമ്പസിൽ കാലുകുത്താൻ അനുവദിക്കില്ലെന്നു പറയാൻ അറിവുള്ള ആർക്കെങ്കിലുമാകുമോ? വിദ്യാർഥിസംഘടനകൾക്കും സർക്കാരിനും താത്പര്യമില്ലെങ്കിലും ഗവർണർ സർവകലാശാലയുടെ ചാൻസലർതന്നെയാണ്.



ബില്ലുകൾ പാസാക്കാതെ പിടിച്ചുവച്ചുവെന്നതാണ് ഗവർണർക്കെതിരേ തിരിയാനുള്ള പ്രധാന കാരണം. ബില്ലിനെക്കുറിച്ചുള്ള സംശയം മുഖ്യമന്ത്രി വന്നു തീർക്കണമെന്ന നിലപാട് ഗവർണർ സ്വീകരിച്ചു. മുഖ്യമന്ത്രി വഴങ്ങിയില്ല. ബില്ല് ഗവർണർ ഒപ്പിട്ടാലേ നടപ്പാക്കാനാവുകയുള്ളൂ. ജനങ്ങളോടു കടപ്പാടുള്ള മുഖ്യമന്ത്രിക്കാണ് ബില്ല് ഒപ്പിട്ടു വാങ്ങാനുള്ള ഉത്തരവാദിത്വം. ഗവർണറെ മുട്ടുകുത്തിക്കാൻ മുഖ്യമന്ത്രി നടത്തിയ ശ്രമമാണ് കാര്യങ്ങൾ വഷളാക്കിയത്. പാർട്ടിക്കാരെയും യോഗ്യത കുറഞ്ഞവരെയും പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കാനുള്ള നിയമവിരുദ്ധവും ജനവിരുദ്ധവുമായ നീക്കങ്ങൾ നട്ടെല്ലുള്ള ഏതു ഗവർണറും എതിർക്കും. ആ എതിർപ്പാണ് ഇപ്പോൾ തെരുവുയുദ്ധമായി മാറിയത്. കളിയിൽ റഫറിയാകേണ്ട ഗവർണർ ഹീറോയായി. കോഴിക്കോട് മിഠായിത്തെരുവിൽ ആയിരക്കണക്കിനാളുകളുടെ ആദരവ് ഏറ്റുവാങ്ങി യഥാർഥനേതാവ് താനാണെന്നു ഗവർണർ തെളിയിച്ചു. എസ്.എഫ്.ഐ. പിള്ളേരെ ഉപയോഗിച്ച് ഗവർണറെ പേടിപ്പിക്കാമെന്നു കരുതിയ പാർട്ടിനേതൃത്വത്തിനു തെറ്റി. ഗവർണർ -മുഖ്യമന്ത്രി ഏറ്റുമുട്ടലിൽ നേട്ടമുണ്ടാക്കുന്നത് ബിജെപിയാണ്. പരമ്പരാഗതമായി ഗവർണർമാർ ചെയ്യാത്ത കാര്യങ്ങൾ ഇപ്പോഴത്തെ ഗവർണർ ചെയ്തിട്ടും സാധാരണക്കാർ അദ്ദേഹത്തെ പിന്തുണയ്ക്കുന്നത് ഇടതുനേതൃത്വത്തോടുള്ള അതൃപ്തികൊണ്ടും പ്രതിപക്ഷത്തിന്റെ പിടിപ്പുകേടുകൊണ്ടുമാണ്. യൂത്തുകോൺഗ്രസുകാർ തല്ലുകൊള്ളാനില്ലായിരുന്നെങ്കിൽ പ്രതിപക്ഷത്തിന്റെ അവസ്ഥ എന്താകുമായിരുന്നു? പ്രസ്താവനകളിൽ ചുരുങ്ങുന്ന പ്രതിപക്ഷത്തെ ജനം മാനിക്കുന്നില്ല. ഗവർണറെ പ്രതിപക്ഷനേതാവിനെപ്പോലെ ജനം പിന്തുണയ്ക്കുന്നത് പ്രതിപക്ഷത്തിന്റെ ശക്തി പ്രകടമാകാത്തതിനാലത്രേ.

■



*കെസിബിസി ദാർശനികവൈജ്ഞാനിക പുരസ്കാരജേതാവ് ഫാ. ഡോ. തോമസ് മൂലയിലിനെ പാലാ രൂപത വൈദികസമ്മേളനത്തിൽ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, പ്രോട്ടോസിഞ്ചെല്ലൂസ് മോൺ ജോസഫ് തടത്തിൽ എന്നിവർ ചേർന്ന് ആദരിക്കുന്നു.*

നോവൽ 7

# ചക്രവർത്തിനി

പാപ്പച്ചൻ കടമക്കുടി

അതിഥികൾ നിശ്ശബ്ദരായി രാജാജ്ഞയ്ക്കു കാതോർക്കുകയാണ്. ആകാംക്ഷയുടെ മുൾമുനയിലാണ് എല്ലാവരും.

"അതിനാൽ മഹാരാജൻ..."

മെമുഖാൻ വീണ്ടും സംസാരിക്കാൻ തുടങ്ങി.

എല്ലാ കാതുകളും മെമുഖാനിലേക്കു നീണ്ടു.

"അങ്ങേക്കു ഹിതമാകുമെങ്കിൽ, വാഷ്തിരാജ്ഞി ഇനിയൊരിക്കലും മഹാരാജാവിന്റെ മുന്നിലെത്തരുത് എന്നാണ് ഞങ്ങളുടെ അഭിപ്രായം."

പെട്ടെന്ന് മഹാരാജാവ് മെമുഖാനെ ക്രൂരമായി നോക്കി. വർഷങ്ങൾ പിന്നിട്ട ദാമ്പത്യബന്ധമാണ് മുറിഞ്ഞുപോകുന്നത്. രാജ്ഞിയുമായി ചെലവഴിച്ച ഹൃദ്യമായ നിമിഷങ്ങൾ, സംഭവങ്ങൾ - എല്ലാം തിക്കിത്തിരക്കി മുന്നിലെത്തുകയാണ്.!

പക്ഷേ, ജനഹിതമാണ് രാജഹിതം!

അദ്ദേഹം മുഖംകുനിച്ചു സിംഹാസനത്തിൽ ഇരുന്നു.

വാഷ്തിരാജ്ഞിക്കു പകരമായി ശ്രേഷ്ഠയായ മറ്റൊരു വനിതയെ തിരഞ്ഞെടുക്കാമല്ലോ.

മറ്റു പ്രമുഖർ മെമുഖാനു പിന്തുണയുമായി കൂടെയെത്തി.

രാജാവ് ഹാമാനെ വിളിച്ചു.

സാമന്തരാജാക്കന്മാരുടെ അഭിപ്രായങ്ങളെല്ലാം ഉൾപ്പെടുത്തി വാഷ്തിരാജ്ഞിയെ സ്ഥാനത്തുനിന്നു ഭ്രഷ്ടയാക്കുന്നതായി വിളംബരം പുറപ്പെടുവിച്ച് നാടുനീളെ അറിയിക്കാൻ കല്പിച്ചു.

പിറ്റേന്നുമുതൽ ആറുമാസമായി സൂസാനഗരം കണ്ട തിക്കും തിരക്കും ആഘോഷങ്ങളുമെല്ലാം കൊഴിഞ്ഞുപോകാൻ തുടങ്ങി.

ഇലപൊഴിയും കാലം.!

മൂകതയുടെ, സങ്കടത്തിന്റെ നേരിയ മൂടൽമഞ്ഞ് നഗരമാകെ വീണുകിടന്നു.

എല്ലാം നഷ്ടമായവനെപ്പോലെയായി ചക്രവർത്തി. കെട്ടിയുയർത്തിയ ആകാശക്കോട്ടകൾ തകർന്നുതരിപ്പണമായതുപോലെ. രാജകൊട്ടാരവും സൂസാനഗരവും കാണുകയും അനുഭവിക്കുകയും ചെയ്ത ആനന്ദനാളുകൾ വേരോടെ പിഴുതെറിയപ്പെട്ടു.

ഏതു നശിച്ച നിമിഷത്തിലാണ് തനിക്ക് അങ്ങനെയൊരു ചിന്ത ഉദിച്ചത്?

മഹാരാജ്ഞിയെ വിരുന്നുശാലയിലേക്ക് ആടയാഭരണങ്ങളോടെ എത്തിക്കാനുള്ള ആശയം?

ലഹരിപ്പേക്കൂത്തുകളുടെ നടുവിലേക്ക്...!

വാഷ്തി മഹാനുഭാവയായിരുന്നു.

നന്മകൾമാത്രം ചെയ്യുന്നവൾ.

ദുഃഖങ്ങളിൽ സന്തോഷമായി പെയ്യുന്നവൾ.

മുറിവുകളിൽ സ്നേഹലേപം പുരട്ടുന്നവൾ. അവളുടെ കണ്ണുകളിൽ സ്നേഹത്തിന്റെ തിളക്കമുണ്ട്,

അധരങ്ങളിൽ ദാഹത്തിന്റെ മധുരമുണ്ട്, അഴകേറിയ അനുപമശില്പമായിരുന്നവൾ.

ആ പ്രിയത്തെയാണ് അഭിശപ്തമായ ഒരു നിമിഷത്തിൽ ഉപേക്ഷിച്ചുകളഞ്ഞത്. സാമ്രാജ്യത്തിന്റെ നാലതിരുകളിലും രാജമുദ്രപതിച്ച കല്പന എത്തിച്ചേരും. ആ ശാസനം റദ്ദുചെയ്യാൻ ഇനി സാധിക്കുകയില്ല.

മഹാരാജാവിന്റെ ഏകാന്തതയിലേക്കു ഹെഗായ് കടന്നുവന്നു. രാജാവിന് ഏറ്റവും വിശ്വസ്തനായ ഷണ്ഡൻ.


മഹാറാണി കൊട്ടാരത്തിൽനിന്നു വിടവാങ്ങുകയാണ്.

ഹഗായ് സങ്കടംവിതുമ്പുന്ന സ്വരത്തിൽ അറിയിച്ചു.

വളരെ വേഗത്തിൽ മഹാരാജാവ് ഒരു രഹസ്യക്കുറി തയ്യാറാക്കി അവനെ ഏല്പിച്ചു.

വാഷ്തീ, നീയെന്റെ സ്നേഹമാണ്. പട്ടമഹിഷി സ്ഥാനത്തില്ലെങ്കിലും എനിക്കു നിന്നെ മറക്കാനാവില്ല. എന്നെയും കൊട്ടാരത്തെയും ഉപേക്ഷിച്ചു പോകരുത്.

ഇതായിരുന്നു ആ കുറിമാനത്തിന്റെ സാരം.



വാഷ്തിരാജ്ഞി ആ കുറിപ്പ് വായിച്ചു പൊട്ടിത്തെറിച്ചു.

പക്ഷേ, മറുപടിയൊന്നും കൊടുത്തുവിട്ടില്ല.

എത്രയും വേഗത്തിൽ സ്വന്തം അടിമകളോടും ഷണ്ഡന്മാരോടും പരിചാരികമാരോടും ഒപ്പം രാജകൊട്ടാരത്തിൽനിന്നുമിറങ്ങി.

അങ്ങകലെയുള്ള പ്രവിശ്യാതലസ്ഥാനത്തേക്ക് - സ്വന്തം നാട്ടിലേക്കു തിരിച്ചു.

കണ്ടുനിന്നവരെല്ലാം നിറകണ്ണുകളോടെ രാജ്ഞിയെ യാത്രയാക്കി. വാഷ്തി കൊട്ടാരം വിട്ടുപോകുന്നതിന്റെ വിലാപസ്വരങ്ങൾ അഹസ്വേരൂസ് കേട്ടു. എന്നാൽ, ഹൃദയം കഠിനമാക്കി അദ്ദേഹം പള്ളിയറയിൽത്തന്നെ ഇരുന്നതേയുള്ളൂ.

കുറച്ചു ദിവസങ്ങൾക്കുശേഷം ഹാമാന്റെ നേതൃത്വത്തിൽ മറ്റു മന്ത്രിമാരും വിശ്വസ്തരായ രാജസേവകരും അടങ്ങുന്ന സംഘം മഹാരാജാവിനെ സന്ദർശിച്ചു.

''മഹാരാജാവ് നീണാൾ വാഴട്ടെ."

അവർ ഏകകണ്ഠമായി വിളിച്ചു.

അവിടെയും മുന്നിൽനിന്നത് രാജാവിന്റെ സേവകപ്രമുഖനായ ഹഗായ് എന്ന ഷണ്ഡനാണ്.

അവൻ വിനയത്തോടെ ഉണർത്തിച്ചു:

''അങ്ങിപ്പോൾ രാജ്യകാര്യങ്ങളിൽ ശ്രദ്ധിക്കുന്നില്ല എന്നാണ് മന്ത്രിമാരുടെ പരാതി."

മഹാരാജാവ് മന്ത്രിമാരെ ശ്രദ്ധിച്ചു. അദ്ദേഹം ഹാമാന്റെ നേരേ മന്ദഹസിച്ചു.

എല്ലാവരും ആശ്വാസത്തോടെ പരസ്പരം നോക്കി.

തന്റെ ക്ഷേമാന്വേഷണങ്ങളിൽ തത്പരരാണ് പരിജനങ്ങൾ എന്നറിഞ്ഞതിന്റെ നന്ദിസൂചകമാണ് ആ പുഞ്ചിരി.

"അങ്ങേക്ക് തിരുവുള്ളക്കേടുണ്ടാവില്ലെങ്കിൽ ഒരു കാര്യം ബോധിപ്പിക്കാനുണ്ട്."

മടിച്ചുമടിച്ച് ഹാമാൻ ചില വാക്കുകൾ ഉരുവിട്ടു.

"പറഞ്ഞോളൂ, നാമറിയട്ടെ."

മഹാരാജാവ് സ്വതഃസിദ്ധമായ രീതിയിലേക്കു മടങ്ങിവന്നതായി അവർക്ക് ബോധ്യപ്പെട്ടു. എങ്കിലും അക്കാര്യം മഹാരാജാവിനോടു പറയാനുള്ള ധൈര്യം ഹാമാനുണ്ടായിരുന്നില്ല. അയാൾ ഹഗായിയെ നോക്കി ആംഗ്യം കാണിച്ചു.

അതു ശ്രദ്ധിച്ച അഹസ്വേരുസ് കല്പിച്ചു:

"ഹാമാൻ, താങ്കൾതന്നെ പറഞ്ഞോളൂ."

എന്തു കേട്ടാലും പറഞ്ഞാലും കുലുക്കമില്ലാത്ത മനസ്സ് രാജാവ് തിരികെപ്പിടിച്ചിരിക്കുന്നു എന്ന് ഹാമാൻ മനസ്സിലാക്കി.

"പ്രമുഖർ പറഞ്ഞതുപോലെ രാജ്യമെമ്പാടുംനിന്നും അവിടുത്തേക്കുവേണ്ടി കന്യകമാരെ തിരയാം. ഏറ്റവും പ്രിയപ്പെട്ടവളെ അങ്ങേക്കു പട്ടമഹിഷിയായി സ്വീകരിക്കാമല്ലോ."

ഹാമാൻ ഒരുവിധം പറഞ്ഞൊപ്പിച്ചു.

മഹാരാജാവിനു സന്തോഷമായി.

അപ്രകാരം ചെയ്യാൻ രാജാവ് ഹാമാനെത്തന്നെ ചുമതലപ്പെടുത്തി. വിവരം ഒരു രാജകീയവിളംബരമായി പരസ്യപ്പെടുത്തുക.

എല്ലാ പ്രവിശ്യകളിലേക്കും അവരവരുടെ ഭാഷയിൽ രാജകല്പന എത്തിക്കണം.

രാജവിളംബരം എഴുതിത്തയ്യാറാക്കി രാജമുദ്ര ചാർത്താൻ സവിധത്തിൽ എത്തിയ ഹാമാൻ ചക്രവർത്തിയുടെ പാദംതൊട്ടു വണങ്ങി.

വിളംബരവുമായി പടിയിറങ്ങുമ്പോൾ മഹാരാജാവ് ഹാമാനെ വിളിച്ചു.

കണ്ണുകളിൽ ആകാംക്ഷ. രാജാവിന്റെ മുഖം ശ്രദ്ധിച്ചു. ശാന്തഗംഭീരമാണ്. ഒരു പുഞ്ചിരിയുണ്ടോ അധരങ്ങളിൽ?

"അടിയൻ..."

ഹാമാൻ മഹാരാജാവിനെ വണങ്ങി.

"നിന്നോടു നമുക്ക് പ്രീതിയുണ്ടായിരിക്കുന്നു. അവസരം വരുമ്പോൾ നാം ഒരു പാരിതോഷികവും തരുന്നുണ്ട്."

മഹാരാജാവിന്റെ വാക്കുകളിൽ ഹാമാൻ അകമേ അഭിമാനം പൂണ്ടു.

"അവിടുത്തെ കാരുണ്യം."

അയാൾ കൂടുതൽ വിനയാന്വിതനായി. എങ്കിലും തലയെടുപ്പോടെയാണ് രാജസന്നിധിയിൽനിന്നു മടങ്ങിയത്.

മനസ്സിൽ നിറയെ രാജാവിന്റെ വാഗ്ദാനത്തിന്റെ തേന്മഴ പെയ്യുന്നു.

രാജശാസന രാജ്യമാകെ ഉത്സാഹത്തോടെ പരസ്യം ചെയ്തു. സുന്ദരിമാരെ തിരഞ്ഞെടുത്തയയ്ക്കാൻ ഓരോ പ്രവിശ്യയും മത്സരിച്ചു.

അപ്പോൾ മൊർദെക്കായിയുടെ ഹൃദയത്തിൽ ഒരു പ്രകാശം തെളിഞ്ഞു. അയാൾ സ്വന്തക്കാരുടെ അടുത്തേക്കുചെന്നു. കൂടാരവാസികളോടു തന്റെ ഇംഗിതം വെളിപ്പെടുത്തി.

"ഇതാ, അഹസ്വേരുസിന്റെ രാജ്യത്ത് എബ്രായർക്ക് ഒരു സുവർണാവസരം കൈവന്നിരിക്കുകയാണ്. ഇതു നാം കൈവിട്ടുകളയരുത്."

മൊർദെക്കായി തന്റെ ആശയം വ്യക്തമാക്കാൻ ആരംഭിച്ചു.

"മഹാരാജാവ് പട്ടമഹിഷിയായി അവരോധിക്കാൻ കന്യകമാരെ അന്വേഷിക്കുന്ന കാര്യം നിങ്ങളും അറിഞ്ഞതല്ലേ? അഴകും ആരോഗ്യവും ഉള്ളവരെയാണ് അതിനായി തിരഞ്ഞെടുക്കുന്നത്."

"യൂദയാഗോത്രക്കാരെ പരിഗണിക്കുമോ?"

ഹഗസി ചോദിച്ചു. മൊർദെക്കായിയുടെ അടുത്ത ബന്ധുക്കളിൽ ഒരാളാണ് ഹഗസി. നല്ല അധ്വാനിയായ കർഷകൻ. ആടുമാടുകളുടെ ഇടയൻ.

"നിന്റെ സംശയം ശരിയാണ് ഹഗസി."

മൊർദെക്കായി സമ്മതിച്ചു.

''എങ്കിലും ഞാനുദ്ദേശിക്കുന്നത് ഹദസ്സയെ അതിനായി നിയോഗിക്കണമെന്നാണ്. പിതൃസഹോദരന്റെ മോൾ എന്റെയും മോളാണ്. അവൾ അത്രയ്ക്കും സുന്ദരിയല്ലേ?"

കൂടാരവാസികൾ അതു ശരിവച്ചു.

ഹദസ്സ ഒരു കൊച്ചുസുന്ദരിയാണ്, മാലാഖയെപ്പോലെ.

പക്ഷേ പ്രവാസികളിലൊരുവൾക്ക് പേർഷ്യാരാജ്യത്തിന്റെ മഹാറാണിയാകാൻ കഴിയുമോ? അതായിരുന്നു അവരുടെ സംശയം !

മൊർദെക്കായി തുടർന്നു:

"ഇത്രയും നാൾ അവളെ വളർത്തിയത് ആരും അറിയാതെയാണ്. അതുകൊണ്ട് അവൾ ഒരു എബ്രായകന്യക ആണെന്ന് മറ്റുള്ളവർ മനസ്സിലാക്കിയിട്ടില്ല."

മൊർദെക്കായി തീരുമാനം കൂടാരവാസികൾക്കു വിട്ടുകൊടുത്തു.

വേണോ വേണ്ടയോ എന്ന് ഒന്നിച്ചാലോചിക്കണം. തീരുമാനമെടുക്കേണ്ടത് നിങ്ങളാണ്.

''എന്താണ് നിങ്ങളുടെ ആഗ്രഹം?"

ആ ചോദ്യത്തിനുത്തരം നല്കിയത് ഹഗസി മാത്രമല്ല കൂടാരവാസികൾ ഒന്നടങ്കമാണ്.

"നമ്മുടെ കൂട്ടത്തിൽനിന്നൊരു കന്യക രാജപത്നിയായാൽ അതു സമൂഹത്തിനാകെ നന്മയും ഐശ്വര്യവും കൈവരുത്തും."

ജനങ്ങൾ ഒന്നടങ്കം ആർത്തുവിളിച്ചു

"ഹദസയും അവളുടെ ഏറ്റവും അടുത്ത കൂട്ടുകാരി മനേസയും നമ്മുടെ കൂട്ടത്തിലുള്ള അടിമസ്ത്രീകളും അവളുടെകൂടെ ഉണ്ടാവണം."

മൊർദെക്കായി ഇതുപറയുമ്പോൾ വളർത്തുമാതാവായ ഹന്നയുടെകൂടെ ഹദസ മുന്നിലേക്കുവന്നു.

അവൾ അവർക്കു മുന്നിലുദിച്ചു.

ശരത്കാലപൗർണമി വാനിൽത്തിളങ്ങി.

ഹദസ്സ വളർത്തച്ഛനെ വണങ്ങി.

"എല്ലാവരുടെയും തീരുമാനമനുസരിച്ച് രാജകൊട്ടാരത്തിലേക്കു പോകാൻ എനിക്കു സമ്മതമാണ്. ഈ പരീക്ഷണത്തിൽ എന്നെ സഹായിക്കാൻ സർവ്വശക്തനും രക്ഷകനുമായ നമ്മുടെ ദൈവം കൂടെയുണ്ടാകും."

ഹദസയുടെ ദൃഢമായ വാക്കുകൾ യഹൂദരുടെ ഉള്ളിൽക്കുളിർന്നു.

മൊർദെക്കായി ഒന്നുകൂടെ ഓർമ്മിപ്പിച്ചു.

ഹദസ കൊട്ടാരത്തിലേക്കു യാത്രയാവുന്നത് അനാഥയായിട്ടുതന്നെയാണ്.

യൂദന്മാർ അവരവർക്കു കഴിയാവുന്ന തരത്തിൽ പുതിയ വസ്ത്രങ്ങളും സുഗന്ധദ്രവ്യങ്ങളും അവൾക്കു സമ്മാനിച്ചു.

ശേഷം 12-ാം പേജിൽ

# മതപീഡനവും മക്കബായവിപ്ലവവും

**2 ഇസ്രയേലിന്റെ വഴികളിലൂടെ**



തോമസ് കുഴിഞ്ഞാലിൽ

പ്രാചീന കാലത്തും ആധുനിക യുഗത്തിലും ഉദിച്ചുയരുകയും പിൽക്കാലത്തു തകർന്നടിയുകയും ചെയ്ത അനേകം അധിനിവേശശക്തികൾ ചവിട്ടിമെതിച്ച ഇസ്രയേല്യരുടെ വാഗ്ദത്തനാടും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനവും കടന്നുപോയ കനൽവഴികളിലൂടെയുള്ള യാത്ര ശ്രമകരമാണെന്ന് എഴുതിത്തുടങ്ങിയപ്പോൾ ബോധ്യമായി.

പാലും തേനും ഒഴുകുന്ന കാനാൻദേശം കൈയടക്കാനുള്ള രാജാക്കന്മാരുടെയും ചക്രവർത്തിമാരുടെയും ദേശാധിപതികളുടെയും പടയോട്ടങ്ങൾക്കു നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. ക്രൂരരും നിഷ്ഠൂരരുമായിരുന്ന അവരുടെ നുകങ്ങൾക്കുകീഴിൽ ഇസ്രയേൽജനം അനുഭവിച്ചുതീർത്ത പീഡനങ്ങൾക്കു ലോകചരിത്രത്തിൽ സമാനതകളില്ല.

ബി സി 63 ലെ റോമൻ അധിനിവേശത്തിനും 659 വർഷംമുമ്പ് ബി സി 722 ലായിരുന്നു അസ്സീറിയയുടെ ആക്രമണം: അസ്സീറിയ രാജാവായിരുന്ന സെന്നാക്കെരിബ് 300 താലന്ത് വെള്ളിയും 30 താലന്ത് സ്വർണവും ആവശ്യപ്പെട്ടു. ദൈവാലയത്തിലും രാജഭണ്ഡാരത്തിലും ദൈവാലയത്തിന്റെ കതകുകളും കട്ടിളക്കാലുകളും പൊതിഞ്ഞിരുന്ന സ്വർണവും ഹെസക്കിയാ രാജാവ് അവനു നൽകി (2 രാജാ. 18:14–16). ഇത്രയും മോചനദ്രവ്യം നൽകിയിട്ടും ജറുസലെമിനുനേരേ നീങ്ങിയ അസ്സീറിയൻ സൈന്യത്തെ തുരത്തിയോടിക്കുന്ന ദൈവമായ കർത്താവിന്റെ ഇടപെടൽ വിശുദ്ധ ഗ്രന്ഥത്തിൽ ഇപ്രകാരം സാക്ഷ്യപ്പെടുത്തിയിരിക്കുന്നു: അന്നു രാത്രി കർത്താവിന്റെ ദൂതൻ അസ്സീറിയാ പാളയത്തിൽ കടന്ന് ഒരു ലക്ഷത്തിയെൺപത്തയ്യായിരം പേരെ വധിച്ചു. പ്രഭാതത്തിൽ ആളുകൾ ഉണർന്നപ്പോൾ ഇവർ ജഡമായി മാറിയിരിക്കുന്നതു കണ്ടു. പിന്നെ അസ്സീറിയരാജാവായ സെന്നാക്കെരിബ് അവിടെനിന്ന് നിനവേയിലേക്കു പോയി, അവിടെ താമസിച്ചു (2 രാജാ.19:35–36).

അസ്സീറിയക്കാരെക്കാൾ വലിയ ഭീഷണി ദൈവജനത്തെ കാത്തിരിക്കുന്നുണ്ടായിരുന്നു; ബി സി 586 ൽ ബാബിലോൺരാജാവായ നബുക്കദ്നേസർ സകല സൈന്യങ്ങളോടുംകൂടെ വന്ന് ജറുസലെമിനെ ആക്രമിച്ച് ചുറ്റും ഉപരോധമേർപ്പെടുത്തി. യൂദാരാജാവായ സെദെക്കിയായുടെമേൽ വിധി പ്രസ്താവിച്ചു. പുത്രന്മാരെ അവന്റെ കൺമുമ്പിൽവച്ചു നിഗ്രഹിച്ചു. അവനെ, കണ്ണുകൾ ചൂഴ്ന്നെടുത്തശേഷം ചങ്ങലകൊണ്ടു ബന്ധിച്ച് ബാബിലോണിലേക്കു കൊണ്ടുപോയി (2 രാജാ. 25:1–7).

### ജറുസലെമിന്റെ പതനവും ബാബിലോൺ പ്രവാസവും

ബാബിലോൺ സൈന്യം വിശുദ്ധനഗരമായ ജറുസലെമിനെ നശിപ്പിക്കുന്നതും, ഇസ്രയേൽ ജനത്തെ പ്രവാസികളായി ബാബിലോണിലേക്കു കൊണ്ടുപോകുന്നതും രാജാക്കന്മാരുടെ പുസ്തകത്തിലും ദിനവൃത്താന്തങ്ങളിലും വിശദമായി പ്രതിപാദിച്ചിരിക്കുന്നു. ജറുസലെമിലെ കർത്താവിന്റെ ആലയവും രാജകൊട്ടാരവും നഗരത്തിലെ വീടുകളും അവൻ അഗ്നിക്കിരയാക്കി. മാളികകൾ കത്തി ചാമ്പലായി. ജറുസലെമിന്റെ മതിലുകൾ ഇടിച്ചുനിരത്തി. അതിലെ മന്ദിരങ്ങൾ ചുട്ടെരിച്ചു. വിലപിടിപ്പുള്ള പാത്രങ്ങൾ നശിപ്പിച്ചു. കർത്താവിന്റെ ആലയത്തിൽ സോളമൻ നിർമിച്ച രണ്ടു സ്തംഭങ്ങൾ, ജലസംഭരണി, പീഠങ്ങൾ എന്നിവ കഷണങ്ങളാക്കി ബാബിലോണിലേക്കു കൊണ്ടുപോയി. ബാബിലോൺരാജാവിനോടു കൂറു പ്രഖ്യാപിച്ചവരെയും അവശേഷിച്ച കരകൗശലക്കാരെയും വാളിൽനിന്നു രക്ഷപ്പെട്ടവരെയും അവൻ കൊണ്ടുപോയി. അങ്ങനെ യൂദാ നാടുകടത്തപ്പെട്ടു. പേർഷ്യാരാജ്യം സ്ഥാപിതമാകുംവരെ അവർ, അവനും അവന്റെ പുത്രന്മാരും ദാസന്മാരായി കഴിഞ്ഞു (2 രാജാ. 25:9–21; 2 ദിന. 36:13–20).

430 വർഷം നീണ്ടുനിന്ന ഇസ്രയേൽജനത്തിന്റെ ഈജിപ്തിലെ അടിമത്തത്തിൽനിന്നു വ്യത്യസ്തമായി ബാബിലോൺ പ്രവാസം 40 വർഷമേ നീണ്ടുനിന്നുള്ളൂ. ജറെമിയാപ്രവാചകൻ വഴി കർത്താവ് അരുളിച്ചെയ്ത വചനം നിവൃത്തിയാകുന്നതിനു പേർഷ്യാരാജാവായ സൈറസ് ഇപ്രകാരം ഒരു കല്പന പുറപ്പെടുവിച്ചു: "യൂദായിലെ ജറുസലെമിൽ ആകാശത്തിന്റെ ദൈവമായ കർത്താവിന് ഒരു ആലയം പണിയാൻ അവിടുന്ന് എന്നോടു കല്പിച്ചിരിക്കുന്നു. അവിടുത്തെ ജനത്തിൽപ്പെട്ട ആരെങ്കിലും നിങ്ങളുടെയിടയിൽ ഉണ്ടെങ്കിൽ അവൻ പുറപ്പെടട്ടെ" (2 ദിന. 36, 22–23).



മക്കബായവിപ്ലവം ചിത്രകാരന്റെ ഭാവനയിൽ

സൈറസ്‌രാജാവ് ബാബിലോണിൽനിന്നു മോചിപ്പിച്ച ഇസ്രയേൽജനം തങ്ങളുടെ പട്ടണമായ ജറുസലെമിലും യൂദയായിലും തിരിച്ചെത്തി ദൈവമായ കർത്താവിന് ഒരു ബലിപീഠം പണിത് പ്രഭാതത്തിലും പ്രദോഷത്തിലും ദഹനബലിയർപ്പിച്ചു. അവർ കൂടാരത്തിരുനാൾ യഥാവിധി ആചരിച്ചു (എസ്രാ. 3:2–4). രാജാവിന്റെ കല്പനയനുസരിച്ച് ദൈവാലയത്തിന്റെ നിർമാണവും തുടങ്ങി.

ബി സി 167 ലെ മക്കബായവിപ്ലവംവരെയുള്ള മുന്നൂറു വർഷം പേർഷ്യൻസാമ്രാജ്യം യഹൂദജനത്തെ ഭരിച്ചു. ബി സി 331 ൽ മക്കദോനിയക്കാരനായ അലക്സാണ്ടർ, സൈറസിന്റെ പിൻഗാമിയായ ഡാരിയൂസ് മൂന്നാമനെ യുദ്ധത്തിൽ തോല്പിച്ച് പേർഷ്യയും ഈജിപ്തും പിടിച്ചെടുത്ത ചരിത്രസംഭവം മക്കബായരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (1 മക്ക.1). ഗ്രീക്കുസാമ്രാജ്യത്തിന്റെ അധിപനായി വളർന്ന അലക്സാണ്ടർ ഇസ്രയേലിൽ പ്രവേശിക്കുന്നത് ബി സി 329 ലാണ്. തന്നെ സ്വീകരിക്കാനായി നഗരകവാടത്തിലെത്തിയ പ്രധാന പുരോഹിതനെ ഒരു മാലാഖയ്ക്കു തുല്യനായിക്കണ്ട് അലക്സാണ്ടർ വണങ്ങിയതായി ചരിത്രത്തിലുണ്ട്. യുദ്ധരംഗങ്ങളിലെല്ലാം ഒരു മാലാഖതന്നെ നയിച്ചിരുന്നുവെന്ന് അലക്സാണ്ടർ അനുയായികളോടു സൂചിപ്പിച്ചിരുന്നതായി പറയപ്പെടുന്നു. അക്കാലത്ത് അറിയപ്പെട്ടിരുന്ന രാജ്യങ്ങളെല്ലാം കീഴടക്കിയ മഹാനായ അലക്സാണ്ടർ 32–ാം വയസ്സിൽ ബി സി 323 ൽ ബാബിലോണിൽവച്ചു രോഗബാധിതനായാണു മരിച്ചത്.

അലക്സാണ്ടറിന്റെ മരണശേഷം ഛിന്നഭിന്നമായ ഗ്രീക്കുസാമ്രാജ്യത്തിന്റെ വടക്കൻപ്രവിശ്യയായ സിറിയയിലെ ദമാസ്കസ് ആസ്ഥാനമാക്കി യഹൂദരെ ഭരിച്ച സെലൂസിഡ് രാജവംശത്തിലെ അന്തിയോക്കസ് എപ്പിഫാനസ് 'തിന്മയുടെ വേര്' എന്നു വിശേഷിപ്പിക്കപ്പെട്ട ഭരണാധികാരിയാണ്. ഈജിപ്തിലെ ഭരണാധികാരിയായിരുന്ന ടോളമിയെ പരാജയപ്പെടുത്തി അവിടത്തെ സുരക്ഷിതനഗരങ്ങൾ പിടിച്ചെടുത്തശേഷം ജറുസലെമിലെത്തി ദൈവാലയം മലീമസമാക്കുകയും കൊള്ളയടിക്കുകയും ചെയ്ത സംഭവത്തെക്കുറിച്ച് വിശുദ്ധഗ്രന്ഥം ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു: അവൻ ഔദ്ധത്യത്തോടെ വിശുദ്ധസ്ഥലത്തു പ്രവേശിച്ച് സുവർണബലിപീഠവും വിളക്കുകാലുകളും അവിടെയുണ്ടായിരുന്ന എല്ലാ ഉപകരണങ്ങളും കൈവശമാക്കി. തിരുസാന്നിധ്യത്തിന്റെ മേശയും പാനീയബലിക്കുള്ള ചഷകങ്ങളും കോപ്പകളും സുവർണധൂപകലശങ്ങളും തിരശ്ശീലയും കിരീടങ്ങളും ദൈവാലയപൂമുഖത്തെ കനകവിതാനങ്ങളും എല്ലാം അവൻ കൊള്ളയടിച്ചു. അവിടെയുണ്ടായിരുന്ന വെള്ളിയും സ്വർണവും വിലപിടിച്ച പാത്രങ്ങളും ഒളിപ്പിച്ചുവച്ചിരുന്ന നിധികളുമായി അവൻ സ്വദേശത്തേക്കു മടങ്ങി. അവൻ ഏറെ രക്തം ചൊരിഞ്ഞു. ഇസ്രയേൽ സമൂഹങ്ങളെല്ലാം തീവ്രദുഃഖത്തിലാണ്ടു. ഭരണാധിപന്മാരിലും പ്രമാണികളിലുംനിന്നു ദീനരോദനമുയർന്നു. യുവതീയുവാക്കൾ തളർന്നവശരായി. സ്ത്രീകളുടെ സൗന്ദര്യത്തിനു മങ്ങലേറ്റു. മണവാളൻ വിലപിച്ചു. മണവറയിൽ മണവാട്ടി പ്രലപിച്ചു. ദേശംപോലും അതിലെ നിവാസികളെപ്രതി വിറപൂണ്ടു. യാക്കോബിന്റെ ഭവനം ലജ്ജാവൃതമായി (1 മക്കബായർ 1:20–28).

### മതപീഡനവും മക്കബായവിപ്ലവവും

കൊടിയ മതപീഡനമാണ് പിന്നീടുള്ള വർഷങ്ങളിൽ അരങ്ങേറിയത്. തങ്ങളുടെ പിതാക്കന്മാരുടെ ആചാരങ്ങളിലും ദൈവത്തിന്റെ നിയമങ്ങളിലുംനിന്നു പിന്തിരിയാൻ യഹൂദരെ രാജാവ് നിർബന്ധിച്ചു. വയോധികനായ എലെയാസറിന്റെ വായ് നിഷിദ്ധമായ പന്നിമാംസം തിന്നാൻ അവർ ബലംപ്രയോഗിച്ചു തുറന്നു. അവമാനിതനായി ജീവിക്കുന്നതിനെക്കാൾ അഭിമാനത്തോടെ മരിക്കാൻ നിശ്ചയിച്ച അവൻ അതു തുപ്പിക്കളഞ്ഞുകൊണ്ട് പീഡനം വരിച്ചു. ഏഴു സഹോദരങ്ങളെയും അവരുടെ അമ്മയെയും ബന്ധിച്ച് ചാട്ടയും ചമ്മട്ടിയുംകൊണ്ട് അടിക്കുകയും നാവും കൈകാലുകളും ഛേദിച്ചു ശിരസ്സിലെ തൊലി ഉരിഞ്ഞുമാറ്റി ജീവനോടെ വറചട്ടിയിൽ പൊരിച്ചുകൊല്ലുകയും ചെയ്ത ദാരുണസംഭവം മക്കബായരുടെ പുസ്തകത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട് (2 മക്കബായർ 7:1–42).

ബി സി 167 ൽ തുടങ്ങി മൂന്നു പതിറ്റാണ്ടോളം നീണ്ടുനിന്ന രക്തരൂഷിതമായ മക്കബായവിപ്ലവം ചരിത്രത്തിൽ ഇടംനേടിയ സംഭവമാണ്. 'മക്കബേയുസ്' എന്നുകൂടി വിളിപ്പേരുള്ള യൂദാസ്, സ്നേഹിതരും ചാർച്ചക്കാരും യഹൂദവിശ്വാസത്തിൽ തുടരുന്നവരുമായ ആറായിരത്തോളം പേരുടെ ഒരു സൈന്യമുണ്ടാക്കി എല്ലാവരാലും പീഡിപ്പിക്കപ്പെടുന്ന ജനത്തെ കടാക്ഷിക്കണമെന്നും അധർമികൾ അശുദ്ധമാക്കിയ ദൈവാലയത്തിന്റെമേൽ കരുണ കാണിക്കണമെന്നും കർത്താവിനോടു പ്രാർഥിച്ചു. നശിച്ചു നിലംപരിശായിരിക്കുന്ന നഗരത്തോടു ദയ തോന്നണമെന്നും കർത്താവിലേക്കുയരുന്ന രക്തത്തിന്റെ നിലവിളി ശ്രവിക്കണമെന്നും നിഷ്കളങ്കരായ പൈതങ്ങളുടെ ക്രൂരവധവും അവിടുത്തെ നാമത്തിനെതിരായ ദൂഷണവും അനുസ്മരിക്കണമെന്നും, തിന്മയോടുള്ള അവിടുത്തെ വിദ്വേഷം തെളിയിക്കണമെന്നും അവർ തുടർന്നു പ്രാർഥിച്ചു. മക്കബേയൂസിന്റെ സൈന്യം വിജാതീയർക്ക് അജയ്യമായിക്കഴിഞ്ഞു. കാരണം, കർത്താവിന്റെ കോപം കരുണയായി മാറിയിരുന്നു (2 മക്കബായർ 8:1–5). മുന്നറിയിപ്പുകൂടാതെയുള്ള മക്കബായസൈന്യത്തിന്റെ രാത്രികാല ആക്രമണങ്ങളിലൂടെ തന്ത്രപ്രധാനമായ സ്ഥലങ്ങൾ പിടിച്ചടക്കി വിജാതീയശത്രുക്കളെ തുരത്തിയോടിച്ചു. മക്കബായവിപ്ലവം യഹൂദരുടെ സ്വാതന്ത്ര്യസമരമായി വിശേഷിപ്പിക്കപ്പെടുന്നത്.

*(തുടരും)*


916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ

# അനുരഞ്ജനത്തിന്റെ ശാന്തിമന്ത്രം



ഫാ. ഡോ. മാത്യു കോശി

മാനവചരിത്രത്തോടുള്ള ദൈവത്തിന്റെ സമ്പൂർണവും പ്രത്യക്ഷവുമായ ബന്ധമാണ് യേശുവിന്റെ തിരുജനനം. വീണുപോയ മനുഷ്യവർഗത്തിന്റെ വീണ്ടെടുപ്പും ഉദ്ധാരണവുമായിരുന്നു തിരുവവതാരലക്ഷ്യം. ദൈവവും മനുഷ്യനുമായ യേശുവിൽക്കൂടി ലഭ്യമായ അനുരഞ്ജനമായിരുന്നു ഈ കർമപദ്ധതികളുടെ തുടക്കം. മനുഷ്യവർഗത്തോടുള്ള ദൈവത്തിന്റെ അനുരഞ്ജനത്തിന്റെ ഫലമായിരുന്നു ലോകത്തിനു ലഭ്യമായ സമാധാനാശംസ: "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം." ക്രിസ്തുവിൽക്കൂടിയുണ്ടായ അനുരഞ്ജനം മനുഷ്യവർഗത്തിനു നിത്യമായി നൽകപ്പെട്ട ദൈവികദാനമാണ്. ഇതിനെ ജീവിതത്തിൽ യാഥാർഥ്യമാക്കുമ്പോഴാണ് ദൈവികസമാധാനത്തിനു മനുഷ്യൻ യോഗ്യനായിത്തീരുന്നത്.

യേശുവിന്റെ മനുഷ്യാവതാരത്തിലൂടെ നൽകപ്പെട്ട സമാധാനം സർവലോകത്തിനും ആശംസിക്കാനുള്ള ദൗത്യമാണ് ഓരോ ക്രിസ്മസും അനുസ്മരിപ്പിക്കുന്നത്. ലോകശാന്തിക്കുവേണ്ടിയുള്ള പെരുമാറ്റങ്ങളും ജീവിതരീതികളുമാണ് യേശുവിന്റെ അനുഗാമികളിൽനിന്നു പ്രതീക്ഷിക്കുന്നത്. എല്ലാ മതങ്ങളും ഉച്ചരിക്കുന്നതു ശാന്തിമന്ത്രമാണ്. ഭാരതീയഋഷികൾ സദാ ശാന്തിമന്ത്രം ഉരുവിട്ടുകൊണ്ടിരിക്കുന്നവരാണ്. പൗരസ്ത്യസഭയുടെ ആരാധനകളിൽ സർവലോകത്തിനും സിദ്ധന്മാർക്കും പരേതർക്കുമെല്ലാം സമാധാനം ആശംസിക്കുന്നുണ്ട്.

പാപം ദൈവത്തിനും മനുഷ്യർക്കുമിടയിൽ വിടവു സൃഷ്ടിക്കുന്നു. മനുഷ്യവർഗത്തിൽ അനുഭവപ്പെടുന്ന അസമാധാനത്തിന്റെയും അസ്വസ്ഥതകളുടെയും കാരണം ഇതുതന്നെയാണ്. മനുഷ്യവർഗംമാത്രമല്ല, പ്രകൃതിയും പ്രപഞ്ചംമുഴുവനും ഇതിന്റെ ഫലമായി അസ്വസ്ഥമായിത്തീരുന്നു. ഇതിൽനിന്നുള്ള മോചനമാർഗം യേശുക്രിസ്തുവിൽക്കൂടി ദൈവിക അനുരഞ്ജനത്തിനു മനുഷ്യൻ യോഗ്യനായിത്തീരുകയെന്നതാണ്. ഓരോ ക്രിസ്മസും ലോകത്തിനു നൽകുന്നത് ഈ അനുരഞ്ജനത്തിന്റെ ആഹ്വാനവും തദ്വാരാ ലഭ്യമാകുന്ന ശാന്തിയുടെ വാഗ്ദാനവുമാണ്.

**സമ്പൂർണതയുടെ വെളിപാടുകൾ**

തിരുജനനത്തിന്റെ വെളിപാടുകൾ വിവിധ നിലകളിലാണ് ലോകത്തിനു നൽകപ്പെട്ടത്. പഴയനിയമപിതാക്കന്മാർക്ക് ഇതിനെ സംബന്ധിക്കുന്ന ദർശനങ്ങളും അരുളപ്പാടുകളും കാലാകാലങ്ങളിൽ ലഭിച്ചിരുന്നു. നിഷ്കളങ്കരും വിദ്യാവിഹീനരുമായിരുന്ന ഇടയന്മാർക്കു തിരുജനനസന്ദേശം മാലാഖമാർവഴി നൽകപ്പെട്ടു. പൗരസ്ത്യജ്യോതിശാസ്ത്രവിശാരദന്മാർക്ക് അവരുടെ അന്വേഷണങ്ങളുടെയും പഠനങ്ങളുടെയും ഫലമായി ലോകരക്ഷകന്റെ ജനനം വെളിപ്പെട്ടു. പൗരസ്ത്യദേശത്തു പ്രചാരത്തിലിരുന്ന ശാസ്ത്രശാഖകളിലൊന്നായിരുന്നു ജ്യോതിശാസ്ത്രം. ജ്യോതിശാസ്ത്രജ്ഞന്മാരായ മൂവർക്കും വളരെ നേരത്തേതന്നെ ലഭിച്ച സൂചനകൾകൊണ്ടായിരിക്കണം ദീർഘയാത്ര ചെയ്ത് നക്ഷത്ര അടയാളങ്ങളിലൂടെ ബേത്‌ലഹേമിൽ എത്താനിടയായത്. മനുഷ്യാവതാരം ചെയ്ത ലോകരക്ഷകന്റെ ദർശനസൗഭാഗ്യം ജ്യോതിശാസ്ത്രപഠനങ്ങളിൽക്കൂടി ലഭ്യമായതുപോലെ ദൈവികവെളിപാടുകൾ വൈവിധ്യങ്ങളായ മാർഗങ്ങളിലൂടെയാണ് ലോകത്തിനു സിദ്ധമാകുന്നത്.

നന്മയിൽ വേരൂന്നിയ ഏതു കർമമാർഗവും ദൈവികസമ്പൂർണതയാണു ലക്ഷ്യമാക്കുന്നത്. ആധ്യാത്മികമെന്നും ഭൗതികമെന്നുമുള്ള തരംതിരിവ് ഇതിൽ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. സമസ്തവും ദൈവസൃഷ്ടിയും പരിപാലനവുമാണ്. നന്മ ദൈവത്തിൽനിന്നുമാത്രമേ പുറപ്പെടുകയുള്ളൂ. മനുഷ്യനന്മയ്ക്കുവേണ്ടിയുള്ള എല്ലാ കർമപഥങ്ങളിലും വെളിപ്പെടുന്നത് ദൈവികദർശനങ്ങൾ തന്നെയാണ്. ശാസ്ത്രപഠനങ്ങളും സാങ്കേതികജ്ഞാനവുമെല്ലാം ദൈവികസമ്പൂർണതയിലേക്കു മനുഷ്യരാശിയെ നയിക്കുന്നു. ഈ ബോധത്തിൽനിന്നുള്ള വ്യതിയാനവും ദൈവികനന്മകളുടെ ദുരുപയോഗവുമാണ് തിന്മയുടെയും നശീകരണത്തിന്റെയും കാരണം. മനുഷ്യന്റെ പഠനവും ചിന്താപ്രകാശനവും ദൈവികസമ്പൂർണതയിലേക്കു ലക്ഷ്യമാക്കുമ്പോൾ സമസ്തജീവിതമേഖലകളിലും നന്മയുടെ പൂക്കൾ വിരിഞ്ഞ് സുഗന്ധം പരത്തും. അന്വേഷണപഥങ്ങളിലെ പുതിയ ദർശനസാഫല്യത്താൽ മനുഷ്യരാശി ധന്യമായിത്തീരും.

**ലോകശാന്തിക്കുവേണ്ടിയുള്ള പെരുമാറ്റങ്ങളും ജീവിതരീതികളുമാണ് യേശുവിന്റെ അനുഗാമികളിൽനിന്നു പ്രതീക്ഷിക്കുന്നത്. എല്ലാ മതങ്ങളും ഉച്ചരിക്കുന്നതു ശാന്തിമന്ത്രമാണ്. പൗരസ്ത്യസഭയുടെ ആരാധനകളിൽ സർവലോകത്തിനും സിദ്ധന്മാർക്കും പരേതർക്കുമെല്ലാം സമാധാനം ആശംസിക്കുന്നുണ്ട്.**





സ്നേഹത്തിൽ ഒന്നായി ജീവിക്കാൻ
Syro Malabar™ matrimony
*Finding your perfect partner*



സീറോ മലബാർ സഭയിലെ
35 രൂപതകളുടെ
സംയുക്ത സംരംഭം

സീറോ മലബാർ | സീറോ മലങ്കര | ലത്തീൻ

FREE Registration

**Online Registration**
www.syromalabarmatrimony.org
(Mobile App. available)

**Office Registration**
Shalom Pastoral Centre, Opp. Bishop's House, Pala
Email: palaimatrimony@gmail.com

You will be mine forever

7306915897
9778199182

Exclusive Matrimonial Service For Catholic Communities
10+ Years of Service
Best Matches | Verified Profiles | 100% Privacy

Scan Here to Download App

ഞങ്ങളുടെ ക്രിസ്മസ് – പുതുവത്സരാശംസകൾ

# പോൾസൺ ബേക്കറി

മെയിൻ റോഡ്, പാലാ
Ph: 04822-212287, 9447805615, 9447675587

നിങ്ങൾക്കായി കേക്കുകളുടെ വിപുലമായ ശേഖരം!

**പോൾസൺ ബേക്ക്സ്**
കൊട്ടാരമറ്റം, പാലാ
Phone: 04822-214527



**പോൾസൺ ബേക്കേഴ്സ്**
A.T.P. Arcade, KSRTC സ്റ്റാൻഡിന് എതിർവശം, പാലാ
Phone: 04822-213527

ക്രിസ്മസ് – പുതുവത്സരാശംസകൾ!

Thanks to the whole-hearted support and co-operation for the past few years

# SURYA DRUGS

Room No. 3K, Puthumana Tower,
PALA P.O., Kottayam Dist.
Ph: 04822- 201977(O)

WHOLESALE PHARMACY IN PALA HAVING FULL RANGE OF SURGICAL EQUIPMENTS, DENTAL PRODUCTS & GENERAL MEDICINES

ക്രിസ്മസ് - പുതുവത്സരാശംസകൾ

# S.J. ആയുർവേദ ഫാർമസി

പുതിയ കാവ് ടെമ്പിൾ റോഡ്
ചെത്തിമറ്റം – പാലാ
ബ്രാഞ്ചുകൾ : കോട്ടയം & ആലപ്പുഴ

**മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...**

നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം

**Please Contact:**
**Dr. K.V. Joseph DAM**
**Mob: 9447421216, 04822-214167**

YOUR PERFECT RIDING PARTNER
DJ CYCLES

# DJ CYCLES

പാലാ – പൊൻകുന്നം റോഡ്
മുരിക്കുംപുഴ – പാലാ

Deepanalam Weekly
RNI No : 16998/68
Vol. 56 No. 42 Date of Publication 21 Dec 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org